Vol. 18. No. 5.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

May 1920.

# വിഷയ വിവരണിക.


| | | |
|---|---|---|
| | | പേജ്. |
| 1. | പരിശുദ്ധ കന്യകമറിയത്തിന്റെ മാസവണക്കം. | 97 |
| 2. | വേദപുസ്തകപാരായണം. | 100 |
| | റവ. ഫാദർ അലക്സാണ്ടർ സി. ഡി. അ-ൾ, | |
| 3. | വിശുദ്ധ ഗീവറുഗീസിന്റെ ചരിത്രസംക്ഷേപം | 103 |
| | റവ. ഫാദർ ഫില്ലാഗ്ഗ്യോൻ സി. ഡി. | ,, |
| 4. | ഒരു വയോവൃദ്ധന്റെ ചരമോപദേശം. | 106 |
| | റവ. ഫാദർ ജോസഫ് പറേടം | ,, |
| 5. | വേദപുസ്തകം മാത്രമോ? | 110 |
| | റവ. ഫാദർ റൊമെയൊസ് സി. ഡി. | ,, |
| 6. | ചാവുദോഷം. (പി. സി.) | 112 |
| 7. | പരിശുദ്ധ മറിയത്തിന്റെ കന്യാത്വത്തെക്കുറിച്ചുള്ള വിവാദങ്ങൾ. (കെ. എം.) | 114 |
| 8. | തിരുഹൃദയ പൊതുനിയോഗം. | |
| 9. | ബാബേൽ പാത്രിയർക്കീസു തിരുമനസ്സിലെ യൂറോപ്പുസന്ദർശനം. | |
| 10. | വർത്തമാനക്കുറിപ്പുകൾ. | |
| 11. | പഞ്ചാംഗം. | |
| 12 | പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചുള്ള ഗീതങ്ങൾ. | |
| 13. | പരസ്യങ്ങൾ. | |



# വില്പാൻ തയ്യാർ!

"പരിത്യാഗ പരമകാഷ്ഠ."

അഥവാ ഈശോയുടെ പീഡാനുഭവം.

എന്ന ഒരു പുതിയ പുസ്തകം അച്ചടിച്ചു തയാറായിരിക്കുന്നു. ഈ വിശിഷ്ട പുസ്തകത്തിനു വച്ചിരിക്കുന്ന വില വി. പി. ചാർജ് ഉൾപ്പടെ ചക്രം ൧ മാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം. —

സൂപ്രണ്ട്,
സെൻറ് ജോസഫ്സ് പ്രസ്സ്,
മാന്നാനം.

കർമ്മല കുസുമം.

പുസ്തകം ൧൮. ൧൯൨൦ മെയ്. ലക്കം ൫.

## ദൈവജനനിയായ പരിശുദ്ധ കന്യകയുടെ മാസവണക്കം.



ഇഹത്തിൽ നമ്മുടെ രക്ഷയെ സംബന്ധിച്ചിടത്തോളം ദിവ്യരക്ഷകനായ മ്ശിഹായോടു അടുത്തു വർത്തിച്ചിട്ടുള്ളതു് തന്റെ അമ്മയായ കന്യാസ്ത്രീ മറിയമാണെന്നു പ്രസിദ്ധമായ ഒരു സംഗതിയാണല്ലോ. ഈ വിശുദ്ധ കന്യകയെ വേദാഗമം പഴയനിയമത്തിലെ ഹാവാ, യൂദീത്ത, എസ്റ്റേർ എന്ന നാരീരത്നങ്ങളോടും നോഹായുടെ പെട്ടകം, ദാവീദിന്റെ കോട്ട, വാഗ്ദത്തത്തിന്റെ പെട്ടകം എന്നിതുകളോടും സാമ്യപ്പെടുത്തുന്നു. മേൽപറയപ്പെട്ടവയിൽനിന്നും പരിശുദ്ധ മറിയം, മനുഷ്യഗണത്തിന്നു് പൊതുമാതാവും രക്ഷകയുമാണെന്നു നമുക്കു മനസ്സിലാകുന്നു. "നീ ഇസ്രായേലിന്റെ സ്തുതിയാണെന്നും, നീ കറയററവളാണെന്നും, മുഴുവൻ അഴകുള്ളവളാണെന്നും" മററും തിരുസഭ ഈ വിശുദ്ധ അമ്മയേപ്പററി പാടുന്നതും ന്യായമായിട്ടാണു്.

അനിതരസാധാരണമായ ഈവിധ വരങ്ങളും പ്രത്യേക അനുഗ്രഹങ്ങളും പരിശുദ്ധ കന്യകക്കുണ്ടായിരിക്കുന്നതിനാൽ തിരുസഭ പരിശുദ്ധ കന്യകയുടെ നേരെയുള്ള ഭക്തിയിലും വണക്കത്തിലും പ്രത്യേക ഉത്സാഹവും ഉണർച്ചയും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. തിരുസഭയിൽ പ്രതിവത്സരം കൊണ്ടാടപ്പെടുന്ന തിരുനാളുകളും ഈ വിശുദ്ധ നാഥയുടെ പേരിൽ സ്ഥാപിതമായിരിക്കുന്ന സഭകളും സഖ്യതകളും ഈ ഭക്തിയുടെ പ്രത്യക്ഷ തെളിവുകളാകുന്നു. ബഹുമാനസൂചകമായ ഈ ഭക്തികൾക്കും പുറമേ മേയ്മാസം ഈ പരിശുദ്ധകന്യകയുടെ പ്രത്യേകവണക്കത്തിന്നായും നിശ്ചയിച്ചിരിക്കുന്നു. അമ്മയുടെ പിറന്നാൾ അഘോഷം മക്കൾക്കു ആനന്ദകരമായിരിക്കുന്നതുപോലെ ദൈവമാതാവിന്റെ വണക്കത്തിന്നായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ മേയ് മാസം തന്റെ ആത്മീയ മക്കളായിരിക്കുന്ന നമുക്കു ആനന്ദത്തേയും തൃപ്തിയേയും പ്രദാനം ചെയ്യുമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. യാതൊരുത്തനിൽനിന്നും ഏതൊരു അനുഗ്രഹം ലഭിക്കുമോ

ന്നു നാം ആശിക്കുന്നുവോ ആയാളിന്റെ മഹത്വം, ശക്തി, മനസ്സ് ഇതുകളെ ആദ്യമായി ഗ്രഹിക്കേണ്ടിയിരിക്കുന്നു. സാരമേറിയ നിത്യരക്ഷയെ നാം ദൈവത്തിൽനിന്നും ആശിക്കുന്നു. എന്തെന്നാൽ ദൈവം സർവ്വത്തിന്റെയും ഉടമസ്ഥനും നമ്മുടെ രക്ഷിതാവും സർവ്വശക്തനുമാണെന്നു സ്പഷ്ടമായി നാം വിശ്വസിക്കുന്നു. അമുറസ്സു പരിശുദ്ധ കന്യകമറിയത്തിൽനിന്നും നാം പ്രതീക്ഷിക്കുന്ന അനുഗ്രഹം പ്രദാനം ചെയ്യുന്നതിന്നു തക്ക വല്ലഭത്വം ഈ നായികക്കു ഉണ്ടോയെന്നു നമുക്കാലോചിക്കാം.

കാനായിലെ കല്യാണവിരുന്നിന്നു ആവശ്യപ്പെട്ട വീഞ്ഞു ഇല്ലാതെവന്നതിനാൽ വധൂവരന്മാർക്കുണ്ടായ അവമാനത്തെ ദൂരീകരിക്കുന്നതിന്നായി പരിശുദ്ധ കന്യക തന്റെ പുത്രൻ ഈശോമ്ശിഹായോടു വിവരം അറിയിച്ചപ്പോൾ ഒരു് അത്ഭുതംചെയ്തു് വെള്ളം വീഞ്ഞാക്കുന്നതിന്നു തന്റെ തിരുക്കുമാരൻ മടിച്ചില്ല. അത്ഭുതങ്ങളെ ചെയ്യുന്നതിന്നുള്ള നിശ്ചിത സമയം വന്നില്ലായിരുന്നു എങ്കിലും മ്ശിഹാ തന്റെ അമ്മയുടെ ആഗ്രഹം ഉടനെ നിർവ്വഹിച്ചുകൊടുക്കയാണു ചെയ്തതു്.

ദൈവം പൂർവ്വകാലത്തിൽ തന്റെ മാലാഖാമാർ, നിവ്യന്മാർ, വിശുദ്ധന്മാർ മുതലായവർ വഴിയായി ജനങ്ങളെ നടത്തുകയും അവർക്കു വളരെ അനുഗ്രഹങ്ങൾ ചെയ്കയും ചെയ്തിട്ടുണ്ടു്. മേൽപറഞ്ഞവർക്കു യോജിക്കുന്ന ശക്തികളും അധികാരങ്ങളും നൽകിയിരുന്നുവെന്നതും വാസ്തവംതന്നെയാണു്. ആകാശത്തിലെ മാലാഖാമാരുടെയും ദീർഘദർശികളുടെയും പുണ്യവാന്മാരുടെയും രാജ്ഞിയായിരിക്കുന്ന പരിശുദ്ധ മറിയത്തിന്നു മേൽപറയപ്പെട്ടവരേക്കാൾ കൂടുതൽ അധികാരങ്ങളും വരങ്ങളും ഉണ്ടായിരിക്കണം എന്നു നിസ്സംശയം പറയാവുന്നതാണു്. തന്റെ വല്ലഭതയേയും അധികാരത്തേയും ലക്ഷ്യപ്പെടുത്തുന്ന ഒരു സംഭവമാണു് ഈ കല്യാണവിരുന്നു സംബന്ധിച്ചുണ്ടായ അത്ഭുതം. ഇത്രവലിയ വല്ലഭത്വവും അധികാരവും പരിശുദ്ധ മറിയത്തിന്നു് സിദ്ധിച്ചതിന്നുള്ള കാരണങ്ങൾ രണ്ടാകുന്നു.

ഒന്നു് നമ്മുടെ കർത്താവും രക്ഷിതാവുമായ ഈശോമ്ശിഹായുടെ മാതാവെന്ന സ്ഥാനത്തിന്നു ഉയർത്തപ്പെട്ടതു്; മറ്റൊന്നു് നരകസർപ്പത്തിന്റെ തലയെ തകർത്തു് പിശാചിന്നാവട്ടെ, പാപത്തിന്നാവട്ടെ വശംവദയാകാതെ ഉത്ഭവിച്ചു് ഈലോകത്തിൽ ജാതയാകയും, അതേ കുറ്റമില്ലായ്മയെ ആജീവനാന്തം കാക്കുകയും ചെയ്തുവെന്നതാണു്. ദൈവമാതാവു് എന്ന സ്ഥാനത്താൽ മ്ശിഹായുടെമേൽ ഒരുവിധ അധികാരം പ്രാപിക്കയും കുറ്റമില്ലായ്മ എന്ന വരത്താൽ ദൈവത്തിന്റെ പ്രേമവത്സലയായിത്തീരുകയും ചെയ്തു. അതിനാൽ പരിശുദ്ധ കന്യാസ്ത്രീ നമുക്കുവേണ്ട അനുഗ്രഹങ്ങളെ ചെയ്യുന്നതിന്നു് ശക്തിയുള്ളവളാണെന്നു തെളിവാണല്ലോ. തന്നെയുമല്ല, നമ്മുടെ ദിവ്യരക്ഷകൻ ഗാഗുൽത്താ മലയിൽ കുരിശിൽ തൂങ്ങിക്കിടന്നു ജീവൻവെടിയാൻ പോകുന്ന സമയം വിശുദ്ധ യോഹന്നാൻ ഏവൻഗേലിസ്തായിൽ സകല മനുഷ്യരേയും പരിശുദ്ധ മറിയത്തിന്റെ മക്കളായിട്ടും ദൈവജനനിയെ നമ്മുടെ ഏവരുടേയും മാതാവായിട്ടും നിയമിച്ചുറപ്പിച്ചതുകൊണ്ടു നമുക്കുവേണ്ട അനുഗ്രഹങ്ങൾ ഈ പരിശുദ്ധ കന്യകവഴി നൽകണമെന്നു അവിടുന്നു ആഗ്രഹിക്കുന്നു. രക്ഷിതാവിനെ തന്റെ ഉദരത്തിൽവഹിക്കാമെന്നു സമ്മതിച്ച ക്ഷണംമുതൽ ഈ വി. അമ്മ നമ്മെ രക്ഷിക്കുന്ന കാര്യവും നന്മനസ്സോടെ ഭരമേറ്റുകഴിഞ്ഞു. ഈ പരിശുദ്ധ മാതാവിനെക്കുറിച്ചു് വേദാഗമവും, വി. പിതാക്കന്മാരും എങ്ങിനെ പറയുന്നുവെന്നു ശ്രവിച്ചാലും. വി. ലൂക്കാ അ. ൧. വ. ൪൨. "ഏലീശ്വാ അമ്മ പരിശുദ്ധ അരൂപിയാൽ നിറഞ്ഞു നിലവിളിച്ചു പറഞ്ഞതായതു്: സ്ത്രീകളിൽവെച്ചു നീ ആശീർവ്വദിക്കപ്പെട്ടവളാണു്. നിന്റെ ഉദരത്തിന്റെ ഫലം വാഴ്ത്തപ്പെട്ടതാകുന്നു." (അ. ൧. വ. ൨൮.) ദൈവത്താൽ മറിയത്തിന്റെ പക്കൽ അയക്കപ്പെട്ട ഗൌറിയേൽ മാലാഖാ മറിയത്തോടു പറഞ്ഞതായതു്:—

"മറിയമേ! നിനക്കു സ്വസ്തി, നന്മനിറഞ്ഞവളേ! കർത്താവു നിന്നോടുകൂടെ, സ്ത്രീ

കളിൽവച്ചു നീ ആശീർവ്വദിക്കപ്പെട്ടവളാകുന്നു."

൪൩൧-ാംകാലത്തിൽ കൂടിയ എപ്പേസോസ് സൂനഹദോസിലെ പിതാക്കന്മാർ ഇടത്തൂട്ടുകാരനായ നെസ്തോറിസിന്നു വിരോധമായി പഠിപ്പിക്കുന്നതായതു്: "ഒരേ ആളിൽ തന്നെ, ദൈവവും മാനുഷനുമായിരിക്കുന്ന ഒരുത്തനെ വിശുദ്ധ കന്യകമറിയം പ്രസവിച്ചു. ഒരു പൈതലിന്റെ ആത്മാവു് ദൈവത്തിന്റെ സൃഷ്ടിയാകുന്നു, അതിന്റെ അമ്മയുടേതല്ല. എങ്കിലും അതിനെ പെററവൾ അതിന്റെ അമ്മയാകുന്നു. അതിനാൽ പരിശുദ്ധ മറിയം മ്ശിഹായുടെ ദൈവ സ്വഭാവത്തിന്റെ ഉടയക്കാരിയല്ല" എങ്കിലും ദൈവത്തിന്റെ അമ്മ എന്നു് വിളിക്കപ്പെടുന്നു.

ഈ ഉന്നത മഹത്വത്തിന്നുള്ള കാരണം താഴെ പറയുന്നതാണു്. "എന്തുകൊണ്ടെന്നാൽ അദ്ദേഹം അടിയാട്ടിയുടെ എളിമയെ അങ്ങു് വിലമതിച്ചു. ഇതാ സൂക്ഷിക്ക. ഇന്നുമുതൽ എല്ലാ ജനങ്ങളും എന്നെ ആശീർവ്വദിക്കപ്പെട്ടവൾ എന്നു വിളിക്കും." വി. ലൂക്കാ അ. ൧. വ ൪൮. പാട്ടുകളുടെ പാട്ടു്. അ. ൨. വ. ൨൧. "ഞാൻ വയലിലെ കുസുമമാകുന്നു. താഴ്വാരത്തിലെ ലിലിപുഷ്പമാകുന്നു. മുള്ളുകളുടെ ഇടയിൽ ലീലിപുഷ്പം എപ്രകാരമൊ അപ്രകാരം പെൺമക്കളുടെ കൂട്ടത്തിൽ എന്റെ സ്നേഹവുമാകുന്നു. ജ്ഞാനം അ. ൭. വ. ൨൬. "എന്തുകൊണ്ടെന്നാൽ അവൾ ദിവ്യവെട്ടവും, അതിന്റെ പ്രകാശവും, ദൈവമഹത്വത്തിന്റെ ദർപ്പണവും അദ്ദേഹം നന്മയുടെ ഛായയുമാകുന്നു." വി. ബെർണ്ണാർദു് എന്ന വേദപാരംഗതൻ പറയുന്നതായതു്, മറിയത്തിന്റെ മാദ്ധ്യസ്ഥ്യം ഒരുവിധത്തിൽ സർവ്വശക്തിയുള്ളതാണു്. നമുക്കുവേണ്ടി സാധിക്കാൻ പാടില്ലാത്തതു് അവിടെ ഒന്നുംതന്നെയില്ല" "എത്രയും ദയയുള്ള മാതാവേ! നിന്റെ ആശ്രയത്തിൽ അഭയം പ്രാപിച്ചവരിൽ ഒരുത്തനെയെങ്കിലും അങ്ങു് കൈവിട്ടുകളഞ്ഞുയെന്നു ഒരിക്കലും കേട്ടിട്ടില്ല" എന്നു് ഈ മഹാത്മാവു് പരിശുദ്ധ മറിയത്തോടു പ്രാർത്ഥിക്കുന്നു.

"അമ്മയുടെ പ്രകൃതി അദ്ദേഹം ദിവ്യ മകൻ കേൾക്കുമൊ എന്നു് ആരു സംശയിക്കും? തന്നെയുമല്ല, ഇപ്രകാരമുള്ള ഒരു മകൻ; അങ്ങിനെയുള്ള ഒരു മാതാവു്; ആയിരിക്കുന്നു എന്നുകൂടെയും നാം ഓർക്കണം."

വിശുദ്ധ ലിഗോരി പറയുന്നു:— "ദൈവാനുഗ്രഹങ്ങൾ ഒക്കെയും ദൈവമാതാവു് വഴിയായി നമുക്കു ലഭിക്കുന്നു" രക്ഷപെടുന്നവർ മാതാവു് വഴിയായി രക്ഷപെടുന്നു." പത്രോസ് ദമിയാൻ എന്ന പുണ്യവാൻ പറയുന്നതായതു്. "മനുഷ്യരക്ഷ മറിയത്തിൽ സ്ഥിതിചെയ്യുന്നുയെന്നു നാം കണ്ടു ബോധിപ്പാൻവേണ്ടി, അദ്ദേഹം സമ്മതം ഉണ്ടാകാതിരുന്നുയെങ്കിൽ ദൈവം മനുഷ്യസ്വഭാവം എടുക്കയില്ലായിരുന്നു." ആകയാൽ ഇസ്രായേൽക്കാർ യുദ്ധത്തിൽ ജയം പ്രാപിക്കുന്നതിന്നായി വാഗ്ദത്തത്തിന്റെ പെട്ടകം കൂടെ പോക്കളത്തിലേക്കു കൊണ്ടുപോയിരുന്നതുപോലെ സാക്ഷാൽ 'വാഗ്ദത്തത്തിന്റെ പെട്ടകമായിരിക്കുന്ന' മറിയം നമ്മുടെ ആത്മീയ സമരത്തിൽ നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ!

ഈ അമ്മ ആകാശമോക്ഷത്തിന്റെ വാതിൽ ആകുന്നു. ഭൂമിയെ ആകാശത്തോടു ബന്ധിക്കുന്ന ഒരു കോവണി ആകുന്നു. "ഏതൊരു ആത്മാവിന്നു സാക്ഷാലുള്ളതും ഹൃദയ സ്പർശകവുമായ ഭക്തി പരിശുദ്ധ മാതാവിന്റെ നേരെയുണ്ടായിരിക്കുന്നുവോ, ആയാത്മാവു് നരകത്തിൻ കണിയിൽ ഒരുനാളും അകപ്പെടുകയില്ല" എന്നു് ലിഗോരി പുണ്യവാനും "ദൈവത്തിന്റെ അമ്മയായിരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ നേരെ ഭക്തിയില്ലാത്തവരുടെ ആത്മരക്ഷയെപററി ഞാൻ ഭയപ്പെടുന്നു" എന്നു് വി. പ്രംസീസ്സോസ് ബൊർജിയായും പറയുന്നു.

കത്തോലിക്കു് ക്രിസ്ത്യാനികളായ നാം ഏവരും രക്ഷയുടെ കപ്പലായിരിക്കുന്ന പരിശുദ്ധ മറിയത്തെ ആശ്രയിച്ചുകൊള്ളണം. ഓരോ വിധത്തിലുള്ള കുററങ്ങൾ കാരണത്താൽ സർവ്വശക്തനായിരിക്കുന്ന ദൈവം നമ്മോടു കോപിച്ചിരിക്കുന്നു. അപ്പന്റെ കോപത്തിൽ നിന്നും ഓടിയൊളിക്കുന്നതിന്നു തക്ക സ്ഥ

ലം അമ്മയായിരിക്കുന്നുവെന്നു നാം വിസ്മരിക്കരുത്. ആത്മീയമായ സമ്പത്തുകളെ വരുവാനിരിക്കുന്ന ആയുസ്സിലേക്ക് നാം കൂട്ടണം. അർദ്ധരാത്രിയുടെ ഇരുട്ടു നിറഞ്ഞ മരണസമയം കാണാതെയും രസിക്കാതെയും നാം ഈ ലോകം കടക്കുന്നതല്ല. അപ്പോൾ ജ്ഞാന 'ചന്ദ്രൻ'ആയിരിക്കുന്ന പരിശുദ്ധ മറിയം നമ്മെ സഹായിക്കുന്നതിന്നായി ശോഭിക്കാതെ വന്നാൽ നമുക്ക് നിർഭാഗ്യം. അതിനാൽ ഇപ്പോഴെതന്നെ ഈ മാതാവിന്റെ സ്നേഹം സമ്പാദിക്കുന്നതിന്നു ശ്രമിക്കണം. ഈ മാസം പ്രത്യേക വണക്കത്തിന്നുള്ളതാണെന്നുപ്രസ്താവിച്ചല്ലൊ. ഒരു പ്രത്യേക സ്ഥലത്തു മാതാവിന്റെ പടംതക്ക അലങ്കാരത്തോടു കൂടി സ്ഥാപിക്കണം. ഭവനനിവാസികൾ ടി. സ്ഥലം വിവിധതരം പുഷ്പങ്ങളാൽ മോടിപിടിപ്പിക്കണം. മാതാവിന്റെ വണക്കത്തിനായിട്ടുള്ള പുസ്തകങ്ങൾ വായിക്കണം. നല്ല സംഗീതങ്ങൾ പാടണം. കൊന്തനമസ്കാരം മുതലായ ജപങ്ങളെ എല്ലാവരുംകൂടി എത്തിക്കണം. അടുത്തുള്ള പല വീട്ടുകാർ ഒന്നു ചേർന്ന് ഈ വണക്കമാസം ഒരു ഭവനത്തിൽ വെച്ചൊ പ്രത്യേക സ്ഥലങ്ങളിലൊ സ്കൂൾകളിലൊവച്ചോ നടത്തുന്ന മുറയും ഉണ്ട്. പള്ളികളിൽ ആഘോഷമായി കഴിക്കുന്ന ഈ ഭക്തികർമ്മത്തിന്നു മുടക്കം വരുത്താതെ കൂടുന്നതു ഉത്തമമായിട്ടുള്ളതാണ്. കുടുംബവാസികൾ എല്ലാവരും അവസാനദിനം കുമ്പസാരിച്ച് ശുദ്ധ കുർബാന കൈക്കൊള്ളുന്നതായാൽ, പൂർണ്ണദണ്ഡവിമോചനവുമുണ്ട്. ഇങ്ങനെയുള്ള ആഘോഷങ്ങളെ നടത്തുന്നതിനോടുകൂടി ഈ മാതാവിന്നിഷ്ടമുള്ള സൽകൃത്യങ്ങളെ ചെയ്യുന്നതിന്നു ശ്രമിക്കണം. ദൈവത്തിന്നും സഹോദരങ്ങൾക്കും ചേരാത്ത പാപകൃത്യങ്ങളെ വർജ്ജിക്കണം. ചെയ്തുപോയ പാപങ്ങളെക്കുറിച്ച് മനസ്താപപ്പെടണം. ഇങ്ങനെ ഈ മാസം കഴിച്ചുകൂട്ടിയാൽ അനവധി നന്മകൾ കൈക്കൊള്ളാമെന്നു പറഞ്ഞവസാനിപ്പിക്കട്ടെ.

# വേദപുസ്തകപാരായണം

## ശരണം.

ഈ പുണ്യംവഴിയായി ദൈവത്തിൽനിന്നു നിത്യായുസ്സിനെയും അതിനെ പ്രാപിക്കുന്നതിന്നു വേണ്ട സകല സഹായങ്ങളേയും ഈശോമിശിഹായുടെ യോഗ്യതമൂലം നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. സത്യസ്വരൂപിയായ ദൈവത്തിന്റെ വാഗ്ദാനങ്ങളിന്മേലും അവയെ നിറവേറ്റുന്നതിന്ന് അങ്ങേക്കുള്ള സർവ്വവല്ലഭത്തിന്മേലും ഉറച്ചാണ് ശരണം നിൽക്കുന്നത്. ദൈവത്തിൽ ശരണംവെക്കുന്ന മനുഷ്യൻ സകല ആപത്തുകളിൽനിന്നും നിത്യമരണത്തിൽ നിന്നും രക്ഷിക്കപ്പെടുകയും ചെയ്യും. ഈ സത്യങ്ങളൊക്കെയും അസ്പഷ്ടമായി വിശ്വസിച്ചുകൊണ്ടത്രേ നാം ദൈവത്തോടു മക്കൾക്കടുത്ത മനോശരണത്തോടുകൂടി പ്രാർത്ഥിക്കുന്നത്. ജപിക്കുന്ന സമയത്തു വിശ്വാസം, ശരണം, ഉപവി എന്നീ മൂന്നു ദൈവികപുണ്യങ്ങളുടെ പ്രകരണങ്ങളെക്കൊണ്ടു നാം ദൈവത്തെ വണങ്ങുന്നു. ആകയാൽ ജപം ഉത്തമദൈവാരാധനയാകുന്നു. അരൂപിയായിരിക്കുന്ന ദൈവത്തെ അരൂപിയിൽ ആരാധിക്കുന്നത് ഇപ്രകാരമാണ്. ജപത്തിൽ, സ്തുതിപ്രകരണങ്ങളും, കിട്ടിയ നന്മകളെക്കുറിച്ച് ഉപകാരസ്മരണയുടെ പ്രകരണങ്ങളും, ആവശ്യങ്ങളെ ബോധിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനപ്രകരണങ്ങളും അടങ്ങിയിരിക്കുന്നു. എന്നാൽ പ്രാർത്ഥനപ്രകരണങ്ങളിൽ പ്രബലപ്പെട്ടു നിൽക്കുന്നത് ശരണം എന്ന ദൈവികപുണ്യമാകുന്നു. ഒരു കുഞ്ഞ് തന്റെ പ്രിയമുള്ള അമ്മയിൽനിന്നു യാവനയും സകലവിധ പരിപാലനയും ലഭിക്കുമെന്നു എത്ര വലിയ മനോശരണത്തോടുകൂടെ പാർത്തിരിക്കുന്നുവോ, അതിനെക്കാൾ വലിയ മനോ

15616

ശരണത്തോടെ ദൈവഭക്തന്മാർ ദൈവത്തിൽനിന്നു നിത്യഭാഗ്യത്തെയും ആത്മത്തിന്നും ശരീരത്തിന്നുമടുത്ത സകലവിധ സഹായങ്ങളെയും ലഭിപ്പാൻ പാത്തിരിക്കുന്നു. ഇപ്രകാരം ശരണം ദൈവത്തോടും നിത്യായുസ്സിനോടും നമ്മെ യോജിപ്പിക്കുന്ന ഒരു ആശാബന്ധനമാകുന്നു. ഇതിനാൽ വിശുദ്ധ പൌലീനോസ് "ശരണം മോക്ഷാനന്ദത്തിൻെറ ഒരു മുൻരുചി നമുക്കു തരുന്നു" എന്നു ന്യായസമേതം പറഞ്ഞിരിക്കുന്നു. ഈ സത്യങ്ങളൊക്കെയും വേദപുസ്തകത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളപ്രകാരം നാം കാണേണ്ടിയിരിക്കുന്നു.

൧. നാം ദൈവത്തോടു അപേക്ഷിക്കുന്ന നന്മകളെ നമുക്കു താൻ തരുന്നതാണെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. "നിങ്ങൾ എൻെറ നാമത്തിൽ എന്തെങ്കിലും എന്നോട്ട് അപേക്ഷിച്ചാൽ, അത് നിങ്ങൾക്കു ഞാൻ ചെയ്യുന്നതാണ്" എന്നു നമ്മുടെ കത്താവീശോ മ്ശിഹാ യോഹന്നാൻെറ സുവിശേഷം ൧൪-ാം അദ്ധ്യായം ൧൪-ാം വാക്യത്തിൽ വാഗ്ദാനംചെയ്തിട്ടുണ്ട്.

൨. അപ്രകാരംതന്നെ ഈശോമ്ശിഹായുടെ നാമത്തിൽ ബാവാതമ്പുരാനോടു നാം എന്തെങ്കിലും അപേക്ഷിച്ചാൽ അതു താൻ നമുക്കു നൽകുന്നതാണെന്നു നമ്മോടു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. "നിങ്ങൾ എൻെറനാമത്തിൽ പിതാവിനോട് എന്തെങ്കിലും അപേക്ഷിച്ചാൽ, അതു താൻ നിങ്ങൾക്കു നൽകുമെന്നു സത്യം സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു" (യോഹ. ൧൬. ൨൩). ഈ വാഗ്ദത്തത്തിന്മേൽ ശരണപ്പെട്ടുകൊണ്ടത്രേ, കത്തോലിക്കാ തിരുസഭ അപേക്ഷകളെ ഈശോ മ്ശിഹായുടെ നാമത്തിൽ അവസാനിപ്പിക്കുന്നത്.

൩. യാതൊരു വാഗ്ദത്തമില്ലാതിരുന്നാൽതന്നെയും ദൈവം നമ്മുടെ പിതാവായിരിക്കൽ നമ്മുടെ അപേക്ഷകളെ കൈക്കൊണ്ടു നമുക്കു വേണ്ട നന്മകളെ തരുമെന്നതിന്നു സംശയമില്ല. ഈ വിശ്വാസവും ശരണവും നമ്മിൽ ഉണ്ടായിരിപ്പാൻവേണ്ടിയാണ് ഈശോ മ്ശിഹാ മലയിലെ പ്രസംഗത്തിൽ "നിങ്ങളിൽ ഏതുമനുഷ്യനായാലും തൻെറ പുത്രൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുമോ? അല്ലെങ്കിൽ അവൻ ഒരു മീൻ ചോദിച്ചാൽ അവന് ഒരു സപ്പത്തെക്കൊടുക്കുമോ? അപ്പോഴോ ദോഷികളായിരിക്കുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ, സ്വഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ പിതാവു് തന്നോടു ചോദിക്കുന്നവക്ക് എത്ര അധികമായി നന്മകളെ കൊടുക്കും" എന്നു പ്രസ്താവിച്ചിരിക്കുന്നത്.

൪. ഒരു കുടുംബത്തെ മഹാ സൂക്ഷത്തോടെ പരിപാലിച്ചു നടത്തുന്ന ഒരു നല്ല പിതാവിൽ കുടുംബമക്കൾ എത്ര മനോശരണം വച്ചിരിക്കുമോ അതിനേക്കാൾ വലിയ മനോശരണം നാം നമ്മുടെ പിതാവായ ദൈവത്തിൻെറ പരിപാലനയിൽ വെക്കേണ്ടതാണ്. ഈ സത്യത്തെ തെളിയിക്കുന്നതിന്നായി നമ്മുടെ കത്താവ് മലയിലെ പ്രസംഗത്തിൽ, ആകാശത്തിൽ പറന്നുനടക്കുന്ന പക്ഷികളുടെയും വയലിൽ മുളച്ചുണ്ടാകുന്ന പുല്ലിൻെറയും ദൃഷ്ടാന്തം കാണിച്ചുകൊണ്ടു വളരെ മനോഹരമായി അരുളിച്ചെയ്തിട്ടുണ്ട്. മനക്ലേശവും ആകുല ചിന്തയും നീക്കി ദൈവത്തിൽ നമ്മുടെ ശരണം മുഴുവനും വെക്കുന്നതിന്നു പ്രസ്തുത ദൈവവാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

൫. തിരുസഭയുടെ തലവനായ വിശുദ്ധ പത്രോസ് ശ്ലീഹാ ൧-ാം ലേഖനം ൫-ാം അദ്ധ്യായം ൭-ാം വാക്യത്തിൽ "നിങ്ങളുടെ സകല ചിന്താകുലതയും ദൈവത്തിൽ വച്ചുകൊൾവിൻ, എന്തുകൊണ്ടെന്നാൽ താൻ നിങ്ങളുടെമേൽ വിചാരമുള്ളവൻ ആകുന്നു" എന്ന് എഴുതിയിരിക്കുന്നു.

൬. നല്ല ഇടയൻ ആട്ടുകളെ താല്പയ്യമായി മേയിക്കുന്നതുപോലെ ദൈവം തന്നെപരിപാലിച്ചുകൊള്ളുമെന്നു ദാവീദു ദീഘദശി ശരണപ്പെട്ടിരുന്നു. ആകയാൽ "കത്താവ് എന്നെ മേയിക്കും, എനിക്കു ഒരു കുറവുമുണ്ടാകയില്ല; നല്ല പച്ചത്തകിടിപ്പുറങ്ങളിൽ താൻ എന്നെ നിറുത്തും, ശാന്തതയുള്ള വെള്ളത്തിങ്കലേക്കു എന്നെ കൂട്ടിക്കൊണ്ടുപോകും" എന്ന് ൨൩-ാം സംഗീതത്തിൽ പാടിയിരിക്കുന്നു. "നിൻെറ ചിന്താകുലത കത്താവി

ൽ നി വെക്കും; താൻ നിന്നെപ്പാലിച്ചുകൊള്ളും" എന്ന് ൯൧-ാം സംഗീതം ൨൬-ാം വാക്യത്തിൽ ചൊല്ലിയിരിക്കുന്നു.

൭. മൂശദീർഘദർശി ആവർത്തനം ൩൨-ാം അദ്ധ്യായം ൧൦-ാം വാക്യത്തിൽ, ദൈവം ഇസ്രായേൽജനത്തെ "തന്റെ കണ്ണിന്റെ കൃഷ്ണമണിയെപ്പോലെ കാത്തു സൂക്ഷിച്ചു" എന്നു എഴുതിയിരിക്കുന്നു. "നിന്റെ കണ്ണിലുണ്ണിയെപ്പോലെ നീ എന്നെ കാത്തുകൊള്ളണമെ! നിന്റെ ചിറകിന്റെ തണലിൽ എന്നെ മറച്ചുകൊള്ളണമെ!" എന്നു രാജദീർഘദർശി ൧൭-ാം സംഗീതത്തിൽ ദൈവത്തെ നോക്കി മഹാ ശരണത്തോടെ അപേക്ഷിച്ചുവന്നു. ദൈവാരൂപി നിറഞ്ഞ പുണ്യാത്മാക്കൾ ദൈവത്തിൽ എത്ര വലിയ മനോശരണം വച്ചിരുന്നുവെന്നു ഈ വേദവാക്യങ്ങൾ തെളിയിക്കുന്നുണ്ട്.

൮. എന്നാൽ ഇതിനേക്കാൾ വലിയ മനോശരണത്തിന്നുള്ള മാർഗ്ഗം ഏശയ്യാദീർഘദർശി ൪൯-ാം അദ്ധ്യായം ൧൫-ാംവാക്യത്തിൽ നമുക്കു കാണിച്ചുതരുന്നുണ്ട്. "ഒരു സ്ത്രീ തന്റെ കുഞ്ഞിനോടു കരുണയില്ലാതിരിക്കത്തക്കവണ്ണം, അവളുടെ കുഞ്ഞിനെ മറന്നുകളയുമോ? അവൾ മറന്നു എന്നു വന്നാലും, ഞാൻ നിന്നെ മറക്കുന്നതല്ല" എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. അപ്പൊഴേ ദൈവത്തിന്റെ പരിപാലന ഏററം വലിയതാണ്. ഇതിനാൽ അനേകം പുണ്യാത്മാക്കൾ തങ്ങളെ മുഴുവനും ദൈവത്തിന്റെ പരിപാലനയ്ക്കു കൈയ്യാളിച്ചുകൊണ്ട്, തള്ളയുടെ മടിയിൽ കുഞ്ഞ് ആശ്വസിക്കുന്നതുപോലെ, മഹാ ആശ്വാസവും ആനന്ദവും അനുഭവിച്ചിരുന്നു. ൧൮൯൭ സെപ്തംബർ ൩൦-ാംനു ൨൪ വയസ്സു പ്രായമുള്ളവളായി മരിച്ച കൊച്ചുത്രേസ്യാ പുണ്യവതി ഇപ്പോൾ ലോകത്തിലെങ്ങും പ്രസിദ്ധപ്പെട്ടവളാണ്. My little way of trust and self-surrender: "മനോശരണത്തിന്റെയും തന്നെത്താനുള്ള കൈയ്യാളിപ്പിന്റെയും ചെറിയ പുണ്യവഴി" ആത്മാക്കളെ പഠിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് ഈ പുണ്യവതി എഴുതിയിരിക്കുന്നു.

൯. ദൈവത്തോട് അപേക്ഷിച്ചാറെ ഉടനടി കാര്യസാദ്ധ്യമുണ്ടായിട്ടുള്ള അനേക ദൃഷ്ടാന്തങ്ങൾ വേദപുസ്തകത്തിൽ വിവരിക്കപ്പെടുന്നുണ്ട്. ഇസ്രായേൽ ജനം മെസ്രേനിൽനിന്നു പുറപ്പെട്ടു ചെങ്കടലിങ്കൽ വന്നപ്പോൾ പറവോൻ രാജാവും സൈന്യങ്ങളും അവരുടെ പുറകെ എത്തി. ഇതുകണ്ടു ജനം ഭയന്ന് ദൈവത്തോടു സഹായം അപേക്ഷിച്ചു. തൽക്ഷണം അവരുടെ മദ്ധ്യേ ഒരു വലിയ മതിൽപോലെ ഒരു മേഘച്ചുവരുണ്ടായി. ഈ വിസ്മയകരച്ചുവരിൽനിന്ന് ഇസ്രായേൽ ജനത്തിന്നു വെട്ടവും എജിപ്തുകാർക്കു ഇരുട്ടും ഉണ്ടായി. ഈ സംഭവം പുറപ്പാടിന്റെ പുസ്തകത്തിൽ വിവരിക്കപ്പെടുന്നു. ദൈവഭക്തനായ ഹെസക്യാരാജാവ് ദീനമായി കിടക്കയിൽ ഏശയ്യാദീർഘദർശി ചെന്നു നീ ഈ ദീനത്താൽ മരിക്കും എന്നു ദൈവനാമത്തിൽ അറിയിച്ചു. ഉടനെ രാജാവു സങ്കടപ്പെട്ടു ചുവരിങ്കലേക്കു തലതിരിച്ചു മനോശരണത്തോടെ ദൈവത്തോടപേക്ഷിച്ചു. ഏശയ്യാദീർഘദർശി രാജാവിന്റെ മുറിയിൽനിന്ന് ഇറങ്ങുന്നതിന്നുമുമ്പു വീണ്ടും ദൈവ അരുളപ്പാടുണ്ടായി. രാജാവിന്നു ൧൫ വത്സരത്തേക്കു ദൈവം ആയുസ്സു നീട്ടികൊടുത്തു. ഈ സംഭവം രാജാവുകളുടെ ൪-ാം പുസ്തകം ൨൦-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്നു. മൂശയുടെ അപേക്ഷയ്ക്കു ചെങ്കടൽ ഭാഗിക്കപ്പെട്ടതും ഏലിയായുടെ അപേക്ഷയ്ക്കു ആകാശത്തിൽനിന്നു തീയിറങ്ങി ബലി ദഹിപ്പിച്ചതും ഈശോവയുടെ അപേക്ഷയ്ക്കു സൂര്യൻ നിന്നതും മററും അനേക സംഭവങ്ങൾ വേദപുസ്തകത്തിൽ വിവരിക്കപ്പെടുന്നുണ്ട്.

൧൦. എന്നാൽ നാം പലപ്പോഴും മഹാ വിശ്വാസത്തോടും ശരണത്തോടും കൂടി ദൈവത്തോടു പ്രാർത്ഥിച്ചിട്ടു കാര്യസാദ്ധ്യമുണ്ടാകാതെ വരുന്നു. ഇതിന്റെ കാരണം, വിശുദ്ധ യാക്കോബ്ശ്ലീഹാ തന്റെ ലേഖനത്തിൽ പറയുംപോലെ, നാം മോശമായി പ്രാർത്ഥിക്കുന്നതുകൊണ്ട് അപേക്ഷയുടെവിധത്തിൽ മാത്രമല്ല നാം തെററിപ്പോകുന്നത്; അപേക്ഷയുടെ വിഷയത്തിലും നാം പലപ്പോഴും തെററിപ്പോകുന്നു. ഒരു കുട്ടി കത്തി ചോദിച്ചാൽ, തള്ള കൊടുക്കുന്നില്ല; യാവനയോ മ

രുന്നോ അനുഭവിപ്പാൻ വിസമ്മതം കാട്ടിയാലും കരഞ്ഞാലും തള്ള അതു് അനുഭവിപ്പിക്കയും ചെയ്യുന്നു. ഏശയ്യാ ൬൫-ാം അദ്ധ്യായത്തിൽ പറയുംപ്രകാരം ൧൦൦ വയസ്സുള്ള ഉണ്ണികൾക്കു തുല്യരാണു് അപേക്ഷക്കാരിൽ വലിയ പങ്കും. പരിത്യാഗത്താൽ സൃഷ്ടിപ്പിൽനിന്നു ഹൃദയം മാററാത്ത സകല മനുഷ്യരും ഏശയ്യാദീർഘദർശി പറയുന്ന ഉണ്ണികൾതന്നെയാണ്. ഇവരുടെ ആശകളും അപേക്ഷയുടെ വിഷയങ്ങളും, സൃഷ്ടിപ്പും അതിലെ മായകളുമാണ്. താല്പര്യമുള്ള തള്ളയെപ്പോലെ, ദൈവം ഇവർ അപേക്ഷിക്കുന്നവയല്ല, സാക്ഷാൽ ഇവക്കു ഉപകരിക്കുന്നവയെ കല്പിച്ചുകൊടുക്കയും ചെയ്യുന്നു. ഏതായാലും ദൈവത്തോടു് അപേക്ഷിക്കുന്ന അപേക്ഷ ഒരിക്കലും വ്യർത്ഥമായിപ്പോകുന്നതല്ല. ഒന്നുകിൽ നാം അപേക്ഷിക്കുന്നതു്, അല്ലെങ്കിൽ അതിനേക്കാൾ ഏററം നല്ലതു ദൈവം നമുക്കു തരുമെന്നുള്ള ശരണം നമ്മിൽ എല്ലായ്പ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. നാലു സുവിശേഷങ്ങളിലും വിവരിക്കപ്പെട്ടിരിക്കുന്ന വിധം കഠിനപീഡകളുടെ കാസാ നീങ്ങുവാൻ ഗദസെമ്മിനി തോട്ടത്തിൽ ചോരവിയർത്തു പ്രാർത്ഥിച്ച ഈശോ, അപേക്ഷക്കാർക്കു എല്ലാവർക്കും ഉത്തമ ദൃഷ്ടാന്തമായിരിക്കട്ടെ. അപ്പോൾ ഇച്ഛാഭംഗത്തിനും ശരണക്കേടിനും ഇടയുണ്ടാകയില്ല. സകലത്തിലും ദൈവചിത്തത്തെ നാം വാഴ്ത്തുകയും ചെയ്യും.

ഫാദർ അലക്സാണ്ടർ സി. ഡി.

# സുപ്രസിദ്ധനായ വി ഗീവറുഗിസിന്റെ ചരിത്രസംക്ഷേപം.



ഗീവറുഗിസ് സഹദായുടെ നാമം കത്തോലിക്കാ ലോകത്തിൽ പൊതുവേ വണങ്ങപ്പെടുന്ന ഒന്നാണെങ്കിലും, മലങ്കരയിലെ കത്തോലിക്കാ സുറിയാനിക്കാരുടെ ഇടയിൽ പ്രത്യേക ബഹുമാനാദികൾക്കു പാത്രീഭവിച്ചിട്ടുള്ള ഒന്നാണെന്നു വിശേഷ വിവരണം കൂടാതെ അറിയാവുന്നതാണ്. നമ്മുടെ നാട്ടിൽ ഈ വിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ദേവാലയങ്ങളും കൊണ്ടാടപ്പെടുന്ന തിരുനാളുകളും ഇതിലേക്കുള്ള തെളിവുകളാകുന്നു. ആത്മികവും ശാരീരികവുമായ വിവിധ സംഗതികളിൽ ഈ മഹാപുണ്യവാന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നവരുടെ എണ്ണവും ചില്ലറയല്ല. അതിനാൽ ഈ വിശുദ്ധന്റെ ചരിത്രസംക്ഷേപവിവരണം സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു. വിശുദ്ധ ഗീവറുഗീസ് സിറിയായിൽ കപ്പദോച്ചിയദേശത്തിലാണു ജനിച്ചതു്. ഈ പുണ്യശ്ലോകന്റെ മാതാപിതാക്കന്മാർ ഉയന്ന വംശജന്മാരും ഭക്തന്മാരുമായിരുന്നതിനാൽ ഇദ്ദേഹത്തെ ശിശുപ്രായത്തിൽ തന്നെ ജ്ഞാനസ്നാനം ചെയ്യിക്കയും, സുകൃതമുറയെ യഥോചിതം അഭ്യസിപ്പിക്കയും ചെയ്തുവന്നു. ഈ മഹാൻ ചെറുപ്രായത്തിൽതന്നെ റോമാ നഗരത്തിൽ പോവുകയും വേണ്ടവണ്ണം വിദ്യാഭ്യാസം ചെയ്യിക്കപ്പെടുകയും ഏറെത്താമസിയാതെതന്നെ ദിയൊക്ലേസിയാൻ ചക്രവർത്തിയുടെ പട്ടാളത്തിൽ ഒരു സേവകനായി നിയമിതനാകയും ചെയ്തു. ഒരു പടയാളിയുടെ നിലയിൽ പ്രദർശിപ്പിച്ച സീമാതീതമായ ധീരോദാത്തതയും നിപുണതയും നിമിത്തം ദിയൊക്ലേസിയാൻ എമ്പ്രദോരിന്റെ പ്രത്യേക പ്രീതിക്കു പാത്രീഭവിക്കയും തന്മൂലം ഉയന്ന തരം ഉദ്യോഗങ്ങളിൽ പ്രവേശനം ലഭിക്കയും ചെയ്തു. ദിയൊക്ലേസിയാന്റെ ആലോചനാ സഭാംഗങ്ങളിൽ ഒരുവനാകുന്നതിനുകൂടെയും അദ്ദേഹത്തിനു ഭാഗ്യം ലഭിക്കയുണ്ടായി. ക്രൂരാധി

പനായ ഡെയൊക്ലേസിയാൻ ഒരിക്കൽ ആലോചനാസഭയിൽ വച്ച് ക്രിസ്ത്യാനികളെ ഒന്നാകെ ഉൻമൂലനം ചെയ്യണമെന്നു അഭിപ്രായപ്പെട്ടു. ഭീരുക്കളും മുഖസ്തുതിക്കാരുമായ ആലോചനക്കാർ ഐകകണ്ഠ്യേന രാജാവിന്റെ അഭിപ്രായത്തെ പിൻതാങ്ങി. എന്നാൽ ഉത്തമ വിശ്വാസിയും സുകൃതവാനുമായ വി. ഗീവറുഗീസ് ഈ അഭിപ്രായത്തെ മഹാ തീഷ്ണതയോടെ തിരസ്കരിക്കയാണുചെയ്തത്. നാടുവാഴിയും ക്രൂരനും നമ്മുടെ കഥാനായകന്റെ നീതി, ഭക്തി, സഹോദരസ്നേഹം ആദിയായ ഗുണങ്ങളെ നല്ലവണ്ണം മനസ്സിലാക്കിയെങ്കിലും, അദ്ദേഹം സത്യവേദത്തെ ഉപേക്ഷിക്കുന്നതിനു വേണ്ട നയം പ്രയോഗിക്കാതിരുന്നില്ല. അവരുടെ അപനയങ്ങളേയും ഭയപ്പെടുത്തലിനേയും ഈ വിശുദ്ധൻ തൃണവൽക്കരിക്കുന്നു എന്നു കണ്ടപ്പോൾ, അവർ കോപാക്രാന്തന്മാരായി, രാജകല്പന പ്രകാരം ഈ പുണ്യശ്ലോകനെ പാറാവിൽ പാർപ്പിച്ചു. ക്രൂരതയും കഠിനഹൃദയന്മാരായ അജ്ഞാനികൾ വിവിധ ദേഹോപദ്രവങ്ങളെ ഇദ്ദേഹത്തെ ഏല്പിച്ചു. ചമ്മട്ടികൾ, കുതിരച്ചാട്ടകൾ, കയറുകൾ മുതലായവകൊണ്ടു അടിക്കുക; രക്തം ചിന്തത്തക്കവണ്ണം ഇരുമ്പു ചക്രത്തിൽ ബന്ധനസ്ഥനാക്കുക; തീയാൽ വേദനപ്പെടുത്തുക; മുതലായ അസംഖ്യം പീഡകൾ അനുഭവിക്കയുണ്ടായി. എന്നാൽ മേൽപ്രസ്താവിച്ച കഷ്ടപ്പാടുകൾ അനുഭവിക്കുന്ന മദ്ധ്യേ "ഗീവറുഗീസേ! നീ ഭയപ്പെടേണ്ടാ ധൈര്യമായിരിക്ക" എന്നു പറയുന്ന സ്വരം ആകാശത്തിൽ നിന്നു കേൾക്കുന്നതിനു ഭാഗ്യം ലഭിച്ചു. തൻമൂലം അവിടുന്നു പൂർവ്വാധികം ധൈര്യവാനും സുഖമുള്ളവനും ആയിത്തീരുകയുംചെയ്തു. ഈ അത്ഭുത സംഭവം കണ്ട അനേകം അജ്ഞാനികൾ സസന്തോഷം ക്രിസ്ത്യാനിമതത്തെ സ്വീകരിക്കയുണ്ടായി. ക്രൂരനായ ചക്രവർത്തി ഈ അത്ഭുത സംഭവം അറിഞ്ഞു അതിയായി കോപിച്ചുവെങ്കിലും വി. ഗീവറുഗീസിന്റെ നേരെ സന്തോഷഭാവം നടിച്ചുകൊണ്ടു വിഗ്രഹങ്ങൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. എന്നാൽ വി. ഗീവറുഗീസ് വിഗ്രഹങ്ങൾ ഇരിക്കുന്ന അറസ്സൂട്ടത്തുചെന്നു. 'അപ്പൊളൊ' ദേവന്റെ നേരെ തിരിഞ്ഞു "നിന്നെ ജനങ്ങൾ സത്യദൈവമായിട്ടാരാധിക്കുന്നതിനും നിനക്കു പൂജ സമർപ്പിക്കുന്നതിനും വല്ല ന്യായവും ഉണ്ടോ" എന്നുചോദിച്ചു. അതിനു "അയ്യോ ഞാൻ ഒരു നാളും ദൈവമല്ല നിങ്ങൾ ആരാധിക്കുന്ന സർവ്വേശ്വരൻമാത്രം സത്യദൈവമാകുന്നു" എന്നു അന്യവിഗ്രഹത്തിൽ സ്ഥിതിചെയ്തിരുന്ന പിശാചു ഉത്തരമായി പറഞ്ഞു. അപ്പോൾ വി. ഗീവറുഗീസ്, സത്യദൈവത്തെ അറിഞ്ഞു അങ്ങേ ആരാധിക്കുന്നതിനും അങ്ങേക്കു ശുശ്രൂഷ ചെയ്യുന്നതിനും അങ്ങേ സൃഷ്ടികളായിരിക്കുന്ന എല്ലാ മനുഷ്യർക്കും കടമുണ്ട്.

അതിനാൽ നീ ഞങ്ങളുടെ ഇടയിൽ ഇരിക്കുന്നതിനു അനുവദിക്കാൻ പാടില്ലാത്തതാണ് എന്നു പറഞ്ഞുകൊണ്ടു തന്റെ നെറ്റിയിൽ കുരിശിന്റെ അടയാളം വരച്ചു. തൽക്ഷണം അമ്പലത്തിൽ ഇരുന്ന വിഗ്രഹങ്ങളാസകലം പാടേ നിലം പതിച്ച് ഉടഞ്ഞുപോകയും, അവയിൽ ആവേശിച്ചിരുന്ന പിശാചുക്കൾ അവിടംവിട്ടു ഓടിപ്പോവുകയും ചെയ്തു. ഈ അത്ഭുതസംഭവത്തിന്റെ ദൃക്സാക്ഷികളായി നിന്നിരുന്ന അജ്ഞാനികൾക്കു സത്യവേദത്തെപ്പറ്റി വേണ്ട അറിവും സമ്മതവും ഉണ്ടായെങ്കിലും പുറമെ ക്രിസ്തുമതത്തെ അനുസരിച്ചു പറയുന്നതിനു സാധിച്ചില്ല. തന്നെയുമല്ല, വി. ഗീവറുഗീസ് മായവിദ്യക്കാരനാണെന്നു രാജകക്ഷിക്കാരിൽ ചിലർ പറഞ്ഞുനടത്തുകകൂടി ചെയ്തു. ഈ സംഗതി കേട്ട് രാജാവ് അതികുപിതനായി വി. ഗീവറുഗീസിന്റെ ശിരച്ഛേദനത്തിന്നായി കല്പന അയച്ചു. രാജകല്പനപ്രകാരം സേവകന്മാർ ആ വിശുദ്ധന്റെ തലയെ വാളുകൊണ്ടു ഛേദിച്ചു താഴത്തിടുകയും മിശിഹാക്കാലം ൩൦൩ ഏപ്രിൽ ൨൩നു-ഭാഗ്യമായി മരിച്ച് വേദസാക്ഷിത്വത്തിന്റെ മുടിയെ പ്രാപിക്കയുംചെയ്തു. "അവരുടെ വിശ്വാസത്താൽ രാജ്യങ്ങളെ പിടിച്ചടക്കുകയും, നീതിയെ പാലിക്കയും, വാഗ്ദാനങ്ങളെ ലഭിക്കയും, സിംഹങ്ങളുടെ വായ്കളെ അടയ്ക്കയും, തീയു

ടെ ഉഗ്രതയെ കെടുത്തുകയും, വാളിന്റെ മൂർച്ചയിൽനിന്ന രക്ഷപ്പെടുകയും, ക്ഷീണത്തിൽനിന്ന ശക്തി പ്രാപിക്കയും, യുദ്ധത്തിൽ പരാക്രമികളായി തീരുകയും, ശത്രുക്കളെ ജയിച്ചു ഓടിക്കയും ചെയ്തു. (വി. പൌ. എബ്രാ. ൧൧ അ. ൩൩ ൪ വ). ഗെദയോൻ, സാംസോൻ, ദാവീദ് മുതലായ മഹാന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നതു വി. ഗീവറുഗീസിൽ നിറവേറിയെന്നു പറയുന്നതിൽ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല.

ഈ പുണ്യവാന്റെ സംഗതിയിൽ പലവിധ അഭിപ്രായങ്ങളും സംഭവങ്ങളും വിവാദങ്ങളും ചരിത്രകാരന്മാരുടെയിടയിൽ ഉണ്ട്. പലവിധ അത്ഭുതങ്ങൾ ഈ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യത്താൽ നടന്നതായും ചരിത്രങ്ങളിൽ കാണാം.

വെനീസിലെ സെന്റു ജോർജ്ജ് ദേവാലയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു ഛായാപടത്തിൽ വി. ഗീവറുഗീസ് ഒരു കുതിരപ്പുറത്തിരുന്നുകൊണ്ടു ചിറകുള്ള ഒരു ഘോരസർപ്പത്തെ കുത്തുന്നതായും, അടുത്തു ഒരു സ്ത്രീ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതായും വരയ്ക്കപ്പെട്ടിരിക്കുന്നു. ഇതിനെപ്പറ്റിയുള്ള ഐതിഹ്യം താഴെ വരുംപ്രകാരമാണ്:— "ലീബിയാ എന്ന പട്ടണത്തിൽ സെലേനാ എന്നു വിളിച്ചുവന്ന ചതുപ്പുനിലത്തു ഒരു മാളത്തിൽ മഹാ വിഷം നിറഞ്ഞ ഒരു സർപ്പം കിടന്നിരുന്നു. അതിന്നു വിശപ്പു കൂടുതലായി വരുമ്പോൾ പട്ടണത്തിലേക്കു കടന്നു ആക്രമണം നടത്തുക പതിവാണ്. അതിന്റെ ശ്വാസോച്ഛ്വാസം ഏല്ക്കുന്നതു തന്നെ വസന്തകൾക്കു കാരണമായിരുന്നു. അവിടത്തെ നിവാസികൾ ഈ ദുഷ്ടജന്തുവിന്റെ വിശപ്പു തീർക്കുന്നതിന്നായി ദിനംപ്രതി രണ്ടു ആടുകളെ അതിന്നു കൊടുത്തുവന്നു. കാലാന്തരത്തിൽ ആടുകളുടെ ദൌർല്ലഭ്യം നിമിത്തം മനുഷ്യരെക്കൂടി ചിട്ടിയിട്ടു വീഴുന്ന മുറയ്ക്കു ഈ ജന്തുവിന്നു പൂജിച്ചിരുന്നു. ഒരു തവണ ചിട്ടി വീണതനുസരിച്ച് രാജാവിന്റെ പുത്രി തന്നെ ഈ മൃഗത്തിന്നിരയാകേണ്ടിവന്നു. രാജാവു സ്വന്ത മകളെ രക്ഷിക്കുന്നതിന്നുവേണ്ടി .. ഒരു പകരക്കാരനെയുണ്ടാക്കുവാനായിട്ടു വളരെ ദ്രവ്യവ്യയം ചെയ്തിട്ടും സാധിച്ചില്ല. ഒടുവിൽ രാജകുമാരിയെ കല്യാണവസ്ത്രം ധരിപ്പിച്ചു മേൽപ്രസ്താവിച്ച ചതുപ്പു പ്രദേശത്തേക്കു അയക്കുകയും ചെയ്തു. അവൾ ഈ ക്രൂരസർപ്പത്തിനെ പാർത്തു നില്ക്കുമ്പോൾ, അശ്വാരൂഢനായ ഒരു പടയാളിയുടെ വേഷത്തിൽ വി. ഗീവറുഗീസ് ആ വഴി വന്നു അവൾ അവിടെയിരിക്കുന്നതിന്റെ കാരണം ചോദിച്ചു; പാമ്പിന്റെ കടിയേറ്റു നശിക്കാതിരിക്കുന്നതിന്നു വേണ്ടി സ്ഥലംവിട്ടു വേഗം പോകുന്നതിന്നു ഈ പടയാളിയോടു അവൾ പറഞ്ഞു. എങ്കിലും ആ നല്ല പ്രഭു അവിടെ താമസിച്ചു; തൽക്ഷണം വിഷജന്തു കാണപ്പെട്ടു; യോദ്ധാവ് കുരിശിന്റെ അടയാളം വരച്ചുകൊണ്ടു അതിനോടു സധൈര്യം പോരാടി. തന്റെ കുന്തംകൊണ്ടു സർപ്പത്തെ കുത്തിമലർത്തി രാജകുമാരിയെ രക്ഷിച്ചു. ആ നഗരവാസികൾ വി. ഗീവറുഗീസിനെ അത്യധികം സ്തുതിക്കയും രാജാവ് രാജ്യത്തിൽ പകുതി സമ്മാനിക്കാമെന്ന് സമ്മതിക്കയും ചെയ്തു. തനിക്കു ലൌകികൈശ്വര്യങ്ങൾ ആവശ്യമില്ലെന്നും നിങ്ങൾ ക്രിസ്തുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചാൽ മതിയെന്നും യോദ്ധാവു പറഞ്ഞു യാത്രതുടർന്നു."

വിശുദ്ധ പള്ളിയെ ക്രൂരാധിപന്മാരുടെ പൈശാചിക പാശത്തിൽ നിന്നും വീണ്ടെടുക്കുന്നതിന്നു തങ്ങളുടെ രക്തം ചിന്തിയവരിൽ പ്രഥമഗണനീയനായ വിശുദ്ധ ഗീവറുഗീസ് സഹദായുടെ തിരുനാൾ പൂർവ്വിക കാലംമുതൽക്കേ തിരുസഭയിൽ ഘോഷിച്ചു തുടങ്ങിയിട്ടുള്ളതാണ്. വിഷമുള്ള പാമ്പുകളുടെ ശല്യത്തിൽനിന്നു രക്ഷപ്പെടുന്നതിന്നു ഈ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം പ്രധാനമായി വിചാരിക്കപ്പെടുന്നു!. നരക സർപ്പത്തിന്റെ ധ്വംസനം ആത്മാവിനെ മൃതിപ്പെടുത്തുന്നതാകയാൽ വിശ്വാസത്തിന്റെ സ്ഥിരതയും നീതിയും പാലിക്കുന്നതിന്നു നാം ഇദ്ദേഹത്തെ കണ്ടുപഠിക്കണം. മുഖസ്തുതിക്കുവേണ്ടിയും അഭിമാനത്തെ ഇച്ഛിച്ചുകൊണ്ടും സത്യവേദനടപടികളെ ഉപേക്ഷിക്കേണ്ടതല്ലായെന്നു നാം പഠിക്കണം. ലോകാഡംബരങ്ങളിലും അഭിമാനത്തിലും അതിര സക്തിയുള്ളവൻ റി

ഗീവറുഗീസ്സിനെപ്പോലെയുള്ള മഹാന്മാരെ കണ്ടുപഠിക്കേണ്ടതാണ്.

“ദൈവത്തിനുവേണ്ടിയും നീതിപരിപാലനത്തിനുവേണ്ടിയും അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നിസ്സാരങ്ങളാണെന്നു നാം കരുതണം.” (വി. ലൂക്കാ. അ. ൬. വ. ൨൨.) “മനുഷ്യർ മനുഷ്യൻ പുത്രനെക്കുറിച്ചു് നിങ്ങളെ നിന്ദിക്കുകയും പകക്കുകയും ദ്വേഷിക്കുകയും ചെയ്യുമ്പോഴും നിങ്ങളുടെ നാമത്തെ ദുഷിക്കുമ്പോഴും നിങ്ങൾ ഭാഗ്യവാന്മാർ; ആ സമയത്തു നിങ്ങൾ സന്തോഷിച്ചു് സംതൃപ്തരാകുവിൻ; എന്തെന്നാൽ നിങ്ങളുടെ സമ്മാനം ആകാശരാജ്യത്തിൽ വലുതായിരിക്കുന്നു.” ഈ വാക്യത്തെ നല്ലവണ്ണം മനസ്സിലാക്കി പ്രവൎത്തിച്ച വി. ഗീവറുഗീസിനെ നാം കണ്ടു പിൻചെല്ലേണ്ടിയിരിക്കുന്നു.

ഫാദർ ഹില്ലാര്യോൻ ടി. ഒ. സി. ഡി.

## ഒരു വയോവൃദ്ധന്റെ ചരമോപദേശം.

വളരെ നാളായി എന്നെ ബാധിച്ചിരുന്ന രോഗം, ഈയിടെ ഒന്നിനൊന്നു വൎദ്ധിച്ചുവരുന്നു. വയസ്സും എഴുപതു കഴിഞ്ഞിരിക്കുന്നു. ഇനി ഞാൻ ദീൎഘകാലം ജീവിച്ചിരിക്കുമെന്നു എനിക്കു തോന്നുന്നില്ലാ. അതുകൊണ്ടു എന്റെ ജീവിതയാത്രയിൽ ഞാൻ ഹൃദിസ്ഥമാക്കിയിട്ടുള്ള ചില സാരോപദേശങ്ങളെ, നിനക്കു ഞാൻ നൽകുവാൻ പോകുന്നു. നിനക്കുവേണ്ടി ഞാൻ ആൎജ്ജിച്ചിട്ടുള്ള സമ്പാദ്യങ്ങളിൽ, പ്രാധാന്യമേറിയതു ഇവയാകയാൽ ഞാൻ പറയുന്നതിനെ നീ സശ്രദ്ധം കേട്ടു് അതനുസരിച്ചു പ്രവൎത്തിക്കണം.

എന്റെ കുഞ്ഞേ, നാം തന്നത്താനുണ്ടായവരല്ലാ; ദൈവത്തിന്റെ സൃഷ്ടികളാണ്. ഞാൻ നിന്റെ പിതാവാകയാൽ എത്ര അധികം നിന്നെ സ്നേഹിക്കുന്നുവെന്നു നിനക്കറിയാമല്ലോ. എന്നാൽ സ്വൎഗ്ഗത്തിൽ നമുക്കൊരു പിതാവുണ്ടു്. അങ്ങേ സ്നേഹത്തോടൊത്തുനോക്കിയാൽ, എന്റെ സ്നേഹം, കേവലം ഇല്ലായ്മയാകുന്നു. അവിടുന്നു നിന്നെ സ്നേഹിക്കുന്നതു്, നിന്നിൽനിന്നുള്ള ഉപകാരത്തെ ഇച്ഛിച്ചിട്ടോ, അപകാരത്തെ ഭയന്നിട്ടോ അല്ലാ. നിനക്കു നന്മ ചെയ്യണമെന്നുള്ള പാവനവും നിസ്സ്വാൎത്ഥപരവും ആയ ഏകോദ്ദേശ്യത്തോടുകൂടിയാണ് അവിടുന്നു നിന്നെക്കുറിച്ചു സൎവ്വദാ ചിന്തിക്കുകയും, സ്നേഹയോഗ്യമായി തനിക്കു ലോകത്തിൽ മറെറാന്നും ഇല്ലാഞ്ഞാലെന്നപോലെ, ഏകാഗ്രതയോടെ നിന്നെ സ്നേഹിക്കുകയും ചെയ്യുന്നു. അങ്ങേ പ്രമാണങ്ങളെ നീ ലംഘിക്കുമ്പോൾക്കൂടെ നിന്നെ സ്നേഹിക്കാതിരിക്കുന്നില്ലാ. നിന്റെ മാനസാന്തരത്തിനായി അവിടുന്നു ക്ഷമാപൂൎവ്വം പാൎത്തിരിക്കുകയും, പശ്ചാത്തപിക്കുമ്പോൾ, നിന്റെ അപരാധത്തെ അവിടുന്നു് നിശ്ശേഷം മറന്നുകളകയും ചെയ്യുന്നു. അതുകൊണ്ടു ഇത്ര നല്ല സ്നേഹിതനെ നീ വേദനപ്പെടുത്തുകയോ, അങ്ങേ മാഹാത്മ്യത്തിനു യോജിക്കാത്ത വല്ലതും നിരൂപിക്കയോ, പറകയോ പ്രവൎത്തിക്കയോ അരുതു്.

എന്റെ മരണശേഷം കഴിക്കേണ്ട അപരക്രിയകളെ നീ യഥാശക്തി നടത്തണം. ലോഭം കൊണ്ടു അവയെ ഉപേക്ഷിക്കയോ, ബഹുമാനേച്ഛ കൊണ്ടു നിന്റെ ധനസ്ഥിതിയെ അതിക്രമിക്കുന്ന ചെലവു ചെയ്കയോ അരുതു്. ഏതൽസംബന്ധമായി ചെയ്യുന്ന ചെലവുകളിൽ, ഒരു നല്ല ഭാഗം ദരിദ്രന്മാരെ ഉദ്ദേശിച്ചായിരിക്കണം.

വാൎദ്ധക്യദശയിലിരിക്കുന്ന നിന്റെ മാതാവിനെ സ്നേഹാദരപൂൎവ്വം ശുശ്രൂഷിക്കണം. വൃദ്ധസഹജമായ അവളുടെ ചാപല്യങ്ങളിൽ, നിനക്കു വെറുപ്പു തോന്നരുതു്. അവൾക്കുവേണ്ടി എത്രയധികം ബുദ്ധിമുട്ടുകൾ നീ സഹിച്ചാലും അതു് നിനക്കുവേണ്ടി അവൾ സഹിച്ചിട്ടുള്ളതിന്റെ ഒരു ശതാംശംപോലും ആകയില്ലെന്നു നീ ഓൎക്കേണ്ടതാണ്; അ

വളുടെ നിൎയ്യാണാനന്തരം, നിന്റെ ശക്ത്യനുസരണമുള്ള ശേഷക്രിയകൾ കഴിക്കുന്നതിനു നീ മടി വിചാരിക്കരുത്.

വൈവാഹിക ബന്ധത്താൽ, നിന്റെ ശരീരത്തിന്റെ ഒരംശമായിത്തീൎന്നിരിക്കുന്ന നിന്റെ ഭാൎയ്യയെ ഹാൎദ്ദമായി വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യണം. ജന്മസിദ്ധമായ അവളുടെ സകല അവകാശബന്ധങ്ങളും നിന്നെപ്രതിയാണ് അവൾ ഉപേക്ഷിച്ചതെന്നും, അവളുടെ സകല പ്രതീക്ഷകളും നിന്നിലാണ് നിക്ഷിപ്തങ്ങളായിരിക്കുന്നതെന്നും, വിസ്മരിച്ചുകളയരുത്. എന്നാൽ പ്രതിസ്നേഹവും വിശ്വസ്ഥതയും ഇല്ലാത്തവളാണ് നിന്റെ ഭാൎയ്യയെന്നു നിനക്കു ബോദ്ധ്യപ്പെട്ടാൽ, സൎപ്പത്തേപ്പോലെ അവളെ ഭയപ്പെടുകയും, വായിലുണ്ടായ പുഴുവിനെപ്പോലെ അവളെ സഹിക്കുകയും ചെയ്യണം. നിന്റെ ക്ഷമയും, ഇടവിടാതുള്ള പ്രാൎത്ഥനയുംമൂലം, അവൾ ക്രമേണ പരിഷ്കൃതിക്കപ്പെടുമെന്നു പ്രതീക്ഷിച്ചുകൊണ്ടാൽ മതി. പരസ്പരാനുരാഗമില്ലാത്ത ഭാൎയ്യാഭൎത്താക്കന്മാരുടെ സന്താനങ്ങൾ അനുസരണമില്ലാത്തവരും, കലഹശീലന്മാരും അസത്തുക്കളുമായിത്തീരുക അപൂൎവ്വമല്ലോ!

നിന്റെ മക്കളെ ഈശ്വരസാന്നിദ്ധ്യത്തിൽ വളൎത്തുക. യഥാകാലം അവരെ വിദ്യ അഭ്യസിപ്പിക്കണം. വിദ്യാസമ്പാദനത്തിന്നായി ദൂരസ്ഥലങ്ങളിൽ അയക്കേണ്ടിവന്നാൽ, ആരുടെയെങ്കിലും നിഷ്കൃഷ്ടയായ മേൽനോട്ടത്തിൽ നിന്ന് അവരെ വിമോചിക്കരുത്. പഠിക്കാൻ സാമൎത്ഥ്യമില്ലാത്ത മക്കൾക്കുവേണ്ടി വെറുതെ പണം വ്യയം ചെയ്യേണ്ടാ. അവൎക്ക് വാസനയുള്ള മറേറതെങ്കിലും തൊഴിലിൽ പ്രവേശിക്കട്ടെ. പരീക്ഷയിൽ തുടരെ പരാജിതരാകുന്ന കുട്ടികളെ സ്കൂളിൽനിന്നു വിളിക്കാതിരുന്നാൽ, നിനക്കു നഷ്ടപ്പെടുന്ന പണത്തിനുപുറമേ, കാലാന്തരത്തിൽ അവർ നിന്റെ കുടുംബത്തിനു ഒഴിച്ചുകൂടാത്ത ഒരു ഭാരവും, നിന്റെ അന്തിമകാലത്തിലെ ചിന്താകുലവിഷയവും ആയിപ്പരിണമിക്കാനെളുപ്പമുണ്ട്.

നിന്റെ മക്കളുടെ വിവാഹവിഷയത്തിൽ അവരുടെ ഹിതം കൂടിയറിയാതെ വരനെയോ വധുവിനേയോ നിശ്ചയിച്ചുറപ്പിക്കുന്നത് ഒട്ടുംതന്നെ ആശാസ്യമല്ല. വധൂവരന്മാർ തമ്മിലുള്ള ആനുരൂപ്യത്തേയും അവരുടെ സ്വഭാവഗുണങ്ങളേയും നോക്കാതെ, ധനം മോഹിച്ചോ, സൌന്ദൎയ്യം കണ്ടു ഭ്രമിച്ചോ വിവാഹം നടത്തരുത്. നിന്റെ ബന്ധു സമുദായനിലയിലും കുടുംബസ്ഥിതിയിലും നനക്കു തുല്യനായിരിക്കട്ടെ. പടുലുബ്ധൻ, അമിതവ്യയശീലൻ, വ്യവഹാരപ്രിയൻ, പരമ്പരരോഗി ഈദൃശന്മാരോടു 'ബന്ധു' ചേരരുത്.

നിന്റെ മരണശേഷം മക്കൾ സ്വയമേവ അവരുടെ കാൎയ്യം നടത്തണമെന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ നീ ജീവിച്ചിരിക്കുമ്പോൾതന്നെ കുടുംബഭരണത്തിൽ ഇടപെടുന്നതിനു അവരെ അനുവദിക്കുക. ഉപദേശംകൊണ്ടു മാത്രം അവരെ കാൎയ്യസ്ഥന്മാരാക്കാമെന്ന് ഉദ്ദേശിക്കുന്നത് വെള്ളത്തിൽ ഇറക്കാതെ നീന്തൽ അഭ്യസിപ്പിക്കാൻ ശ്രമിക്കുന്നതിന്ന് തുല്യമാണ്. അവരുടെ സാമൎത്ഥ്യക്കുറവു നിമിത്തം പ്രയാസമുള്ള കാൎയ്യങ്ങളിൽ ഒന്നിലും അവരെ സംബന്ധിപ്പിക്കാതെ നീ തനിയെ നടത്തിയാൽ, നിന്റെ വിയോഗത്തിൽ മരം വീണുപോയ മുളകുകൊടിപോലെ, അവർ സ്വന്തകാലിന്മേൽ നിൽക്കാൻ ശേഷിയില്ലാത്തവരായിത്തീരും. മക്കൾ നടത്തുന്ന കാൎയ്യങ്ങളിൽ വീഴ്ച കണ്ടാൽ, മിതമായി ശാസിക്കുകയും സ്നേഹപൂൎവ്വം തിരുത്തുകയും ചെയ്ക. അമിതമോ നിരന്തരമോ ആയ ശാസനകൊണ്ട് ഒന്നുകിൽ അവർ നിന്നെ വെറുക്കും അല്ലെങ്കിൽ തങ്ങൾ വല്ലതും പ്രവൎത്തിച്ചാൽ അബദ്ധമായിപ്പോയേക്കുമെന്നുള്ള അധൈൎയ്യബോധം അവരിൽ ജനിച്ച് ഒന്നിനും കൊള്ളരുതാത്തവരായിത്തീരും. മറിച്ച് അവർ നിന്നെക്കാൾ സമൎത്ഥന്മാരാണെങ്കിൽ പ്രത്യക്ഷമായി അവരെ സ്തുതിക്കയോ അവരോടു സമീപിക്കുന്നതിനുള്ള യോഗ്യത നിനക്കില്ലെന്നു ഭാവിക്കയോ ചെയ്താൽ, അവർ ഗൎവ്വിഷ്ഠരായിത്തീരും. മക്കളുടെ ദൂഷ്യം അന്യരുടെ അടുക്കൽ പറയരുത്. അങ്ങിനെ ചെയ്താൽ അവ

ർ സ്വരക്ഷയ്ക്കായി നിന്നെക്കുറിച്ചും ദോഷാരോപണം ചെയ്കയും, തദ്വാരാ ഗൃഹഛിദ്രം ഉണ്ടാക്കുന്നതിനായി പാർത്തിരിക്കുന്ന ശത്രു അകത്തുപ്രവേശിക്കയും ചെയ്യും.

ഇതര വിഷയങ്ങളെപ്പററി പലപ്പോഴായി നിന്നോടു ഞാൻ പറഞ്ഞിട്ടുള്ളതുകൊണ്ട്, ഒന്നുകൂടിപ്പറഞ്ഞു ഞാൻ അവസാനിപ്പിക്കുന്നു. അത് ദൈവപരിപാലനയിൽ നിനക്കുണ്ടായിരിക്കേണ്ട ദൃഢ വിശ്വാസത്തെപ്പററിയാണ്.

സമർത്ഥനായിരുന്ന നിന്റെ ജ്യേഷ്ഠന്റെ മരണം; രണ്ടു വ്യവഹാരങ്ങളും തന്മൂലമുള്ള അൻപതിനായിരം രൂപായും നമുക്കു നഷ്ടപ്പെട്ടത്; ഇപ്പോൾ ഇരുപത്തഞ്ചു വർഷത്തോളം ദീർഘിച്ച എന്റെ ദീനം, നമ്മുടെ ദുഷ്കാലത്തിൽ, വെള്ളം വററിയ താമരപ്പൊയ്കയെ വെടിയുന്ന ബകക്കൂട്ടംപോലെ നമ്മുടെ ബന്ധുക്കളിൽ മിക്കവരും നമ്മെ വെടിഞ്ഞതും മിത്രങ്ങളിൽ പലരും ശത്രുക്കളായിത്തീർന്നതും; ഇങ്ങനെ കുറേനാളായി നമുക്കു അടിക്കടി നേരിട്ടുകൊണ്ടിരിക്കുന്ന വിപത്തുകൾമൂലം നിനക്കു വളരെ മനശ്ചാഞ്ചല്യതയുണ്ടെന്നു എനിക്കറിയാം. നമ്മുടെ ആപത്തുകൾക്കെല്ലാം കാരണം, എന്റെ പ്രതാപകാലത്തു ഞാൻ ചെയ്തിട്ടുള്ള ഏതോ കഠിനകൃത്യങ്ങളാണെന്നു ശത്രുക്കൾ ഘോഷിക്കുന്നു. ദൈവതിരുമുമ്പാകെ നിരപരാധിത്വം വാദിക്കുന്നതിനു എനിക്കു ധൈര്യമില്ല. എന്നിരുന്നാലും അവർ ആരോപിക്കുന്ന ദുഷ്കൃത്യങ്ങൾ ഞാൻ ചെയ്തിട്ടില്ലെന്നുള്ളതിനു സർവ്വജ്ഞൻ സാക്ഷിയാണ്. ആപൽക്കാലത്തിങ്ങനെ ഒക്കെപ്പറക ലോകസാധാരണമാണ്. അതുകൊണ്ടു എന്റെ കീർത്തിദൂഷകന്മാരോട് എനിക്കു പരിഭവം ഇല്ലാ. വേദപുസ്തകം വായിക്കാത്തതുകൊണ്ടോ വായിച്ചതു ഗ്രഹിക്കാത്തതുകൊണ്ടോ ആണ് മനുഷ്യർ ഈദൃശ ദുർവ്വിധികൾ ചെയ്യുന്നത്. എന്റെ ചെറുപ്പംമുതൽ വിശിഷ്യ, രോഗശയ്യയെ അവലംബിച്ചതുവരെ ഞാൻ വേദപുസ്തക പാരായണം ചെയ്യാത്ത ദിവസം ഇല്ലെന്നുതന്നെ പറയാം. എന്റെ സന്താപകാലത്ത് എന്നെസ്സാക്ഷാൽ ആശ്വസിപ്പിച്ചിട്ടുള്ളത് ഇതൊന്നു മാത്രമാണ്.

മനുഷ്യനു ഇഹത്തിൽ നേരിടുന്ന കഷ്ടതകളെല്ലാം, പാപം മൂലമാണെന്നുള്ള വാദം, അതിന്റെ വ്യാപകാർത്ഥത്തിൽ ശരിതന്നെ. ആദിമ നിർമ്മലാവസ്ഥയിൽനിന്നു പാപംമൂലം അവൻ അധഃപതിക്കാതിരുന്നെങ്കിൽ, യാതൊരു ക്ലേശവും അവനെ ബാധിക്കയില്ലായിരുന്നു. എന്നാൽ ഓരോരുത്തനു നേരിടുന്ന കഷ്ടതകൾ അവനവന്റെ പാപത്തിന്റെ ഫലമാണെന്നു വിധിക്കുന്നതിൽ പലപ്പോഴും നാം അബദ്ധത്തിൽ ചാടുന്നു. പാപിയുടെ ചമ്മട്ടിയടികൾ, നിരവധിയാണെന്നുള്ളത് സന്ദേഹരഹിതംതന്നെ. എന്നാൽ ശിക്ഷയുടെ അർത്ഥമില്ലാത്ത അനേകം പീഡകൾ നീതിമാന്മാരും സഹിക്കേണ്ടതുണ്ടെന്നു വിശുദ്ധ പുസ്തകത്തിന്റെ ഓരോ പക്ഷവും, വിളിച്ചുപറയുന്നു. പ്രമാണങ്ങളുടെ അനുഷ്ഠാനത്തിനു ലൌകൈശ്വര്യങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന യഹൂദമതത്തിൽ പോലും, ഇതിനു ഉദാഹരണങ്ങൾ സുലഭങ്ങളാണ്. ദൈവത്തിന്റെ വിശ്വസ്ത ഭൃത്യനായിരുന്ന അബ്രാഹം, സന്തതിയില്ലാത്തതിനാൽ ദീർഘകാലം ഖേദിച്ചതിൽ പിന്നെയാണല്ലോ അയാളുടെ അപേക്ഷയെ ദൈവം കേട്ടത്. ഈശ്വര ഭക്തനും, ഭ്രാതൃസ്നേഹിയുമായിരുന്ന പൂർവ്വ യൌസേപ്പ് നിരാശ്രയനായി, വിദേശികൾക്കു വിൽക്കപ്പെടുന്നു. അവിടെ കാമാതുരയായ ഒരു ദുഷ്ടസ്ത്രീയുടെ ആഗ്രഹത്തിനു അയാൾ വഴിപ്പെടാഞ്ഞതുകൊണ്ട് കാരാഗ്രഹവാസം അനുഭവിക്കുന്നു. ദീർഘദർശികൾ എല്ലാവരുംതന്നെ ആരുടെ ആത്മാഭിവൃദ്ധിയെ ഉദ്ദേശിച്ചു പ്രവർത്തിച്ചുവോ അവരുടെ രോഷദ്വേഷങ്ങൾക്കു പാത്രീഭവിക്കുന്നു. ഇപ്രകാരം സ്വജനങ്ങളുടെ ശ്രേയോഭിവൃദ്ധിക്കായി പ്രയത്നിച്ച ശമുവേൽ, ഒടുവിൽ നിഷ്കാസിതനാകുന്നു; ഏശയ്യാ വാളുകൊണ്ടറുത്ത് കൊല്ലപ്പെടുന്നു; ഏറമിയാ കണ്ണീർപ്രളയത്തിൽകൂടെ നീന്തിത്തുടിക്കുന്നു; ദുഃഖാധിക്യത്താൽ അദ്ദേഹം പ്രലപിക്കുന്നു. "ദുഷ്ടന്മാരുടെ മാർഗ്ഗം അഭിവൃദ്ധികരമായിരിക്കുന്നതു എന്തുകൊണ്ട്? വളരെ ചതിയോടെ വർത്തിക്കുന്നവരെല്ലാം ഭാഗ്യവാന്മാരായിരിക്കുന്നതു എന്ത്?" ദുഷ്ടന്മാ

രിൽനിന്നു പീഡകളനുഭവിക്കുന്ന സഹൃ
ദയന്മാരുടെ ഏകകണ്ഠമായ രോദനത്തി
ന്റെ പ്രതിധ്വനിയല്ലാതെ മറെറാന്നുമ
ല്ലല്ലൊ ഏറമിയായുടെ ഈ പ്രലപനം.
ദീഘദശികളുടെ കഷ്ടാനുഭവങ്ങളെപ്പ
ററി വി. പൌലോസു പറയുന്നതും ശ്ര
ദ്ധേയമാണ്. ശ്ലീഹാ പറയുന്നു. "അവ
ക്കു ക്രൂരമായ പരിഹാസങ്ങളുടെയും, അ
ടികളുടെയും മാത്രമല്ലാ, കെട്ടുകളുടെയും
കാരാവാസത്തിന്റെയും പരിശോധന
യുണ്ടായിരുന്നു. അവർ കല്ലെറിയപ്പെട്ടു,
അറുത്തു കീറപ്പെട്ടു; പരീക്ഷിക്കപ്പെട്ടു;
വാൾകൊണ്ടു കൊല്ലപ്പെട്ടു; ലോകം അ
വക്കു (അധിവാസ) യോഗ്യമായിരുന്നി
ല്ല; അവർ നിരാശ്രയന്മാരും, ദുഃഖിത
രും, പീഡിതന്മാരുമായി, വെള്ളാടുകളു
ടെയും കോലാടുകളുടെയും തോൽ ഉടു
ത്തുകൊണ്ട് മരുഭൂമികളിലും പവ്വതങ്ങ
ളിലും ഭൂമിയിലെ കുഴികളിലും ഗുഹക
ളിലും അലഞ്ഞുനടന്നിരുന്നു" ക്രൈസ്ത
വ മതമാകട്ടെ, സ്വപരിത്യാഗത്തി
ന്റെയും; ക്ലേശാനുഭവങ്ങളുടെയും സ
ഹനത്തിന്റെയും ഒരു മതമാണ്. അ
തിന്റെ അംഗങ്ങൾക്ക് ഇഹത്തിൽ ദു
രിതങ്ങളും പരത്തിൽ സുഖവുമാണ് പ
റഞ്ഞൊത്തിരിക്കുന്നത്. അതിന്റെ സ്ഥാ
പകനായ ദൈവസുതൻ, പീഡകളുടെ
ഒരു മനുഷ്യനായിരുന്നു. നിമ്മലനായി
കയായ അവിടത്തെ മാതാവും പുണ്യ
ശ്ലോകന്മാരായിരുന്ന ശിഷ്യന്മാരും ഇതഃ
പയ്യന്തമുണ്ടായിട്ടുള്ള മററു വിശുദ്ധന്മാ
രും, തദ്വിഷയത്തിൽ ഗുരുവിനു തുല്യമു
ള്ളവരായിരുന്നു. ഇവക്കു നേരിട്ട കഷ്ട
തകൾ പാപത്തിന്റെ ശിക്ഷയല്ലായിരു
ന്നുവെന്നു വിശദമാണല്ലൊ. ലോകത്തി
ലെ സുഖഭോഗങ്ങളുടെ അവകാശികളാ
യി കാണപ്പെടുന്ന ദുഷ്ടന്മാരാകട്ടെ നീ
തിമാന്മാരെ ഞെരുക്കുകയും അവരുടെ
അധഃപതനത്തിൽ ജയഭേരി മുഴക്കുക
യും ചെയ്യുന്നു. ഈ സംഭവങ്ങളൊന്നും
ദൈവനീതിക്കു വിഘാതമായി വരുന്നത
ല്ല. അപ്പഴപ്പോൾ ഗ്രഹിക്കുന്നതിനു ന
മ്മുടെ പരിമിതമായ ബുദ്ധിക്കു ശക്തിയി
ല്ലാത്തതുകൊണ്ടു നാം പിറുപിറുക്കുന്നതു
ശരിയല്ലാ. കുശാഗ്രബുദ്ധിയായ ഒരു ഭ
രണകത്താവിന്റെ തന്ത്രങ്ങളെ ഗ്രഹിക്കു
ന്നതിനു ഭഗീരഥ പ്രയത്നം ചെയ്താലും
ഒരു ശിശുവിനു സാധിക്കുന്നതല്ലല്ലൊ.
എന്നാൽ ഭരണകത്താവിനെയും ശിശു
വിനെയും അപേക്ഷിച്ചു സവ്വജ്ഞനായ
ദൈവവും കുശബുദ്ധിയായ മനുഷ്യനും
തമ്മിൽ എത്രയൊ വലിയ അന്തരം അ
ണുള്ളത്. നമ്മുടെ നന്മതിന്മകൾക്കു ഉ
ചിതമായ പ്രതിഫലം ഇവിടെ നൽക
പ്പെടുന്നില്ലെന്നും കണക്കു തീക്കുന്നതു മ
രണാനന്തരമാണെന്നും നാം ഓക്കണം.
ന്യായമായി നമുക്കു കിട്ടേണ്ട രക്ഷയൊ
ശിക്ഷയൊ ഇവിടെ ലഭിച്ചതിനു ശേഷ
മുള്ളത് അപ്പോഴാണ് സിദ്ധിക്കുന്നത്.
നിസ്തുലമായ സമ്മാനത്തിനർഹമാകാ
ത്ത സൽകൃത്യമൊ, ഗൌരവമായ ശി
ക്ഷയ്ക്കു പാത്രീഭവിക്കാത്ത ദുഷ്കൃത്യമോ,
മനുഷ്യൻ ചെയ്യുന്ന ഏററവും നിസ്സാര
മായ കൃത്യാകൃത്യങ്ങളിൽപോലും ഒന്നും
തന്നെയില്ല. അതുകൊണ്ടു ദുഷ്ടന്മാരിൽ
കാണപ്പെടാവുന്ന അല്പീയസ്സായ സൽകൃ
ത്യങ്ങൾക്കു സുഖഭോഗങ്ങൾ ഇവിടെ പ്ര
തിഫലം കിട്ടുന്നുഎന്നും പരത്തിൽ കഠി
നശിക്ഷ അവരെ പ്രതീക്ഷിച്ചിരിക്കുന്നു
എന്നും, മറിച്ചു കുററമില്ലാത്ത നീതിമാ
ന്മാരുടെ പുണ്യവദ്ധനയ്ക്കും തദനുരൂപ
മായ പ്രതിസമ്മാനത്തിനും അല്പകുററമു
ള്ള നീതിമാന്മാരുടെ പ്രായശ്ചിത്തം ഈ
ജീവിതത്തിൽത്തന്നെ തീക്കുന്നതിനും അ
നന്തര ജീവിതത്തിൽ അവക്കു സമ്മാനം
നൽകുന്നതിനുമായി ദുഷ്ടന്മാക്കു സുഖവും
ശിഷ്ടന്മാക്കു ദുഃഖവും ജീവിതാവകാശമാ
നി ഇവിടെ അനുഭൂതമാകുന്നു എന്നു സ
ങ്കൽപ്പിക്കുന്നത് അബദ്ധമല്ല. ചിലപ്പോ
ൾ മനുഷ്യദൃഷ്ടിയിൽ കാണുന്ന തുല്യ
പരിണാമം, വിപരീതോദ്ദേശത്തോടു
കൂടി, ദൈവം ക്രമീകരിച്ചതാണെന്നും
വരാൻ പാടുണ്ട്. ഉദാഹരണം: പിതൃ
ദ്രോഹിയായ അബ്സിലോമും, ദുഷ്ടാഗ്രേ
സരനായ അക്കാബ് നൃപനും, അവരു
ടെ ദുഷ്കൃത്യങ്ങളുടെ ശിക്ഷയായി യു
ദ്ധത്തിൽ അകാലമരണം പ്രാപിക്കുന്നു.
പരമസാത്വികനായ യോസ്യാ രാജാ
വാകട്ടെ അയാളുടെ സൽകമ്മങ്ങ
ളുടെ ഫലമായി, സമരമദ്ധ്യേതന്നെ
കൊല്ലപ്പെടുന്നു. ഈ അകാലമരണം നി
മിത്തം വരുവാനിരുന്ന ദുരിതങ്ങളിൽ

നിന്നു അയാൾ രക്ഷപ്രാപിക്കയാണുണ്ടായതു്. ആകയാൽ ലോകത്തിൽ എന്തുതന്നെ സംഭവിച്ചാലും നീ അധൈര്യപ്പെടരുതു്. പ്രകൃതിയുടെ രഹസ്യം അറിയാത്തതുകൊണ്ടു് അതിൽ വിശ്വസിക്കാൻ നിനക്കു വൈമനസ്യം ഇല്ലെങ്കിൽ സത്യസന്ധനും നീതിജ്ഞനും പരമകാരുണികനും ആയ ദൈവത്തിന്റെ രഹസ്യങ്ങളുടെ അർത്ഥം ഗ്രഹിക്കാതെ വിശ്വസിക്കുന്നതിൽ ഒരു പ്രയാസവുമില്ലല്ലോ. സകലവും നമ്മുടെ നന്മക്കായി ദൈവം ക്രമീകരിക്കുന്നുവെന്നു ദൃഢമായി വിശ്വസിച്ചാൽ നിന്റെ ദുഃഖങ്ങളെല്ലാം സന്തോഷത്തിൽ ലയിക്കും.

ഫാദർ ജോസപ്പ് ചാരേടം.

## വേദപുസ്തകം മാത്രമോ?

II.

മനുഷ്യർ അറിഞ്ഞു വിശ്വസിക്കേണ്ട സകല മതതത്വങ്ങളും വിശ്വസിച്ചു അനുസരിക്കേണ്ട സമസ്ത പ്രമാണങ്ങളും വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നും, വേദപുസ്തകത്തിൽ ഇല്ലാത്ത മതതത്വമോ പ്രമാണമോ സ്വീകരിക്കേണ്ട ആവശ്യമില്ലെന്നും, വേദപുസ്തകത്തെ യഥേഷ്ടം വ്യാഖ്യാനിക്കുന്നതിനു ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ടെന്നും ഉള്ള വാദത്തിലാണ് പ്രൊട്ടസ്റ്റന്റുമതം സ്ഥാപിതമായിരിക്കുന്നതു്. ഈ വാദത്തിനു വേദപുസ്തകം യാതൊരു വിധത്തിലും സാക്ഷ്യം വഹിക്കുന്നില്ലെന്നും, പ്രത്യുത പ്രതികൂലിക്കുന്നുവെന്നും കുസുമവായനക്കാർ ഇപ്പോൾ ഗ്രഹിച്ചിരിക്കുമല്ലോ. ശ്ലീഹന്മാരുടെ കാലംമുതൽക്കുള്ള പൂർവ്വക്രിസ്തീയ സഭ മുഴുവനും ഏകാഭിപ്രായമായി പ്രൊട്ടസ്റ്റന്റുവാദത്തെ പ്രതിഷേധിക്കുന്നു. ഈ വസ്തുത ആദിമശതകങ്ങളിലെ സഭാചരിത്രം പരിശോധിക്കുന്ന ഏവനും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്: ക്രിസ്തീയമതതത്വങ്ങളെ ശ്ലീഹന്മാരിൽനിന്നു തന്നെ പഠിച്ചവരും ദൈവവചനം പ്രസംഗിക്കുന്നതിനു അവരാൽ നിയമിതന്മാരും അവരുടെ പിൻഗാമികളുമായ മഹാന്മാർ അവസരോചിതമായി രചിച്ച കൃതികളിൽ, പൂർവ്വസഭയുടെ വിശ്വാസം, പ്രമാണങ്ങൾ, ആചാരങ്ങൾ എന്നിവയെപ്പറ്റി അവിടവിടെ സാക്ഷ്യം വഹിക്കുന്നു. 'സഭാപിതാക്കന്മാർ' എന്നാണ് ഈ ഗ്രന്ഥകാരന്മാർക്കു കൊടുക്കപ്പെട്ടിരിക്കുന്ന നാമം. വേദപുസ്തകത്തിൽ എഴുതപ്പെടാത്തതും ശ്ലീഹന്മാർ പ്രസംഗിച്ചു പഠിപ്പിച്ചതുമായ ദൈവവചനം (പാരമ്പര്യം) ഉണ്ടെന്നു അവർ പഠിപ്പിക്കുന്നു. ഈ ദൈവവചനത്തെ അവരുടെ കൃതികളിൽ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. സഭാപിതാക്കന്മാർ, ശ്ലീഹന്മാരാലും അവരുടെ അടുത്ത പിൻഗാമികളാലും വേദവിഷയങ്ങളിൽ അഭ്യസിപ്പിക്കപ്പെട്ടവരും, ജീവിതശുദ്ധി, ശാസ്ത്രജ്ഞാനം, വിശ്വാസനൈർമ്മല്യം എന്നീ ഗുണങ്ങൾ നിമിത്തം, സകല ദേശങ്ങളിലുമുള്ള സമകാലിനന്മാരായ ക്രിസ്ത്യാനികളാൽ സത്യോപദേഷ്ടാക്കളായി അംഗീകരിക്കപ്പെട്ടവരുമായ മഹാന്മാരാകുന്നു. ഈ കാരണങ്ങൾ നിമിത്തം പൂർവ്വക്രിസ്തീയസഭയുടെ വിശ്വാസത്തെയും ആചാരങ്ങളെയും പറ്റി അവർ വഹിക്കുന്ന സാക്ഷ്യങ്ങൾ അനിഷേധ്യങ്ങളാകുന്നു. പ്രസ്തുത സാക്ഷ്യങ്ങളിൽനിന്നു മാത്രമാണ് വേദപുസ്തകങ്ങൾ ഇത്രയെന്നും ഇന്നവയെന്നും നാം അറിയുന്നതു്. ഈ സാക്ഷ്യങ്ങൾകൊണ്ടു തന്നെ ദൈവപ്രകാശനം മുഴുവനും വേദപുസ്തകങ്ങളിൽ അടങ്ങിയിട്ടില്ലെന്നു സിദ്ധിക്കുന്നു. വേദപുസ്തകത്തിൽ എഴുതപ്പെടാത്തതും ശ്ലീഹന്മാരാൽ പ്രസംഗിക്കപ്പെട്ടതുമായ മതതത്വങ്ങളും പ്രമാണങ്ങളും ഉണ്ടെന്നു ഒന്നുമുതൽ അഞ്ചുവരെയുള്ള ശതകങ്ങളിൽ സുറിയാനി, ഗ്രീക്കു, ലത്തീൻ പ്രദേശങ്ങളിൽ പ്രശോഭിച്ചിരുന്ന അനേകം സഭാ

പിതാക്കന്മാർ പഠിപ്പിക്കുന്നു. വിസ്താരഭയം നിമിത്തം ഓരോ ശതകത്തിലും നിന്നു ഏതാനും സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളെ മാത്രം ഉദ്ധരിക്കുന്നു.

സഭാപിതാക്കന്മാരിൽ പൂർവ്വികത്വം കൊണ്ടു പ്രഥമൻ വി. ഇഗ്നാസിയോസു് അത്രെ. അദ്ദേഹം നമ്മുടെ കർത്താവു് ഈശോമ്ശിഹായുടെ ഒരു ദൃഗ്സാക്ഷിയത്രെ. വി. യോഹന്നാൻ മുതലായ ശ്ലീഹന്മാരാണു് അദ്ദേഹത്തെ ക്രിസ്തീയമതതത്വങ്ങൾ പഠിപ്പിച്ചതു്. അന്ത്യോക്യായുടെ മൂന്നാമത്തെ മെത്രാനായി ഭരിച്ചുവരുമ്പോൾ, അദ്ദേഹം പഠിപ്പിച്ചിരുന്ന സത്യ മത തത്വങ്ങളെ ആദരിക്കുവാൻ സ്വരക്തം ചിന്തി റോമ്മാപട്ടണത്തിൽ വെച്ചു് ക്രിസ്ത്വാബ്ദം ൧൦൭-ൽ രക്തസാക്ഷിയായി മരിച്ചു. ഇദ്ദേഹം "ശ്ലീഹന്മാരു നൽകിയ പാരമ്പര്യത്തോടു ചേർന്നു നിൽക്കുന്നതിനു ഇടവിടാതെ ഉപദേശിച്ചിരുന്നു. അതിനു (പാരമ്പര്യത്തിനു) സാക്ഷ്യം വഹിച്ചശേഷം, അധിക സൂക്ഷത്തിനും, പിൻകാലങ്ങളിൽ ഉള്ളവർ അധികം നിശ്ചയമായി അറിയുന്നതിനുമായിട്ടു, അതിനെ (പാരമ്പര്യത്തെ) ഗ്രന്ഥരൂപേണ രേഖപ്പെടുത്തുന്നതു ആവശ്യമെന്നു തീർച്ചയാക്കി" (Euseb. Hist. Eccl. I. III. c. 36.) വി. ഇഗ്നാസിയോസിനെ തുടർന്നു വി. പൊലിക്കാർപ്പ്, വി. ഇരനേയോസു്, ആദിയായി, ആദിമ യുഗങ്ങളിൽ ശോഭിതരായിരുന്ന സഭാപിതാക്കന്മാർ അവരുടെ വിവിധ കൃതികളിൽ. ശ്ലീഹന്മാർ പ്രസംഗരൂപേണ പഠിപ്പിച്ചിട്ടുണ്ടായിരുന്നതും ക്രിസ്തീയസഭ സ്വീകരിച്ചു വിശ്വസിച്ചു വന്നിരുന്നതും വേദസ്തകത്തിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്തതുമായ വേദതത്വങ്ങളേയും പ്രമാണങ്ങളേയും അവസരോചിതമായി രേഖപ്പെടുത്തിയിട്ടുണ്ടു്. സഭാപിതാക്കന്മാർ വരമൊഴിയായി സാക്ഷ്യം വഹിക്കാത്ത യാതൊരു ദൈവിക പാരമ്പര്യവും കണ്ടെത്തപ്പെടുന്നതല്ല. പാരമ്പര്യത്തെ അലിഖിതമായ ദൈവവചനമെന്നു വിളിക്കുന്നതിൽനിന്നു നാം ഗ്രഹിക്കേണ്ടതു, അതു വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലെന്നു മാത്രമാണു്. ശ്ലീഹന്മാരുടെ ശിഷ്യരും പിൻഗാമികളുമായ സഭാപിതാക്കന്മാരാവട്ടെ ഈ ദൈവവചനത്തെ പിന്നീടു വരുന്നവരുടെ അറിവിനായി സ്വകൃതികളിൽ ചേർത്തിട്ടുണ്ടു്. ഈ കാരണം നിമിത്തമാകുന്നു മ്ശിഹായും ശ്ലീഹന്മാരും ഉപദേശിച്ച സത്യങ്ങൾ— ആദിമ ക്രിസ്തീയസഭ വിശ്വസിച്ചനുസരിച്ചുവന്ന വേദതത്വങ്ങൾ— എല്ലാം നിർണ്ണയിക്കുന്നതിനു സഭാപിതാക്കന്മാരുടെ കൃതികളെ പരിശോധിക്കണമെന്നു പറയുന്നതു്. ഇപ്രകാരമുള്ള പരിശോധന കഴിച്ചതിന്റെ ഫലമായിട്ടത്രെ ന്യൂമാൻ, മാനിങ്ങ്, ബെൻസൻ മുതലായ അനേകപ്രോട്ടസ്റ്റണ്ടു് പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും ഇംഗ്ലണ്ടു്, ഹോളണ്ടു്, ജമ്മനി, ഐക്യനാടുകൾ മുതലായ പ്രോട്ടസ്റ്റണ്ടു് രാജ്യങ്ങളിൽനിന്നു കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടിട്ടുള്ളതു്. ഇപ്പോഴും മേൽപറഞ്ഞ രാജ്യങ്ങളിലെ ശാസ്ത്രികളുടെയിടയിൽനിന്നു കത്തോലിക്കാസഭയിലേക്കുള്ള പ്രവാഹത്തെ പുറപ്പെടുവിച്ചിരിക്കുന്നതും ഈ കാരണം തന്നെ.

വി. ഇഗ്നാസിയോസിന്റെ സമകാലീനനും വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനും ഹിയറാപ്പോലിസിലെ മെത്രാനുമായ വി. പപ്പിയാസ് (S. Pappias) പാരമ്പര്യത്തെ ഉദ്ദേശിച്ചു പറയുന്നു. "മൂപ്പന്മാരുടെ (ന. കർത്താവിന്റെയും ശ്ലീഹന്മാരുടെയും ശിഷ്യർ) കൂടെ നടന്നിരുന്നവർ വല്ലവരും എന്റെ അടുക്കൽ വന്നാൽ, 'അന്ത്രയോസ്, പത്രോസ്, പീലിപ്പോസ്, യാക്കോബ്, യോഹന്നാൻ, മത്തായി അഥവാ കർത്താവിന്റെ ശിഷ്യരിൽ മററു ആരെങ്കിലും എന്തു പറഞ്ഞു' എന്നു ഞാൻ അവരോടു ചോദിക്കാറുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ സ്വരത്തിൽനിന്നു ലഭിക്കുന്നടത്തോളം സഹായം പുസ്തകങ്ങളിൽനിന്നു ലഭിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല." (Euseb 6 III. P. 39.) അപ്പസ്തോലസഭയുടെ വേറൊരു സാക്ഷി വി. പൊലിക്കാർപ്പു (S. Polycarp) അത്രേ. ഇദ്ദേഹം വി. പപ്പിയാസിന്റെ സ്നേഹിതനും വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനുമായിരുന്നു. ശ്ലീഹന്മാരുടെ കാലത്തു തന്നെ അദ്ദേഹം സ്മിർനായുടെ (Smyrna) മെ

ത്രാനായി നിയമിക്കപ്പെട്ടു. അദ്ദേഹത്തെക്കുറിച്ചു പ്രസിദ്ധ ചരിത്രകാരനും സഭാപിതാവുമായ എവുസേബിയോസു പറയുന്നതു്. "ശ്ലീഹന്മാരിൽനിന്നു പഠിച്ചതും ഇപ്പോഴും സഭ ഉപദേശിച്ചുവരുന്നതുമായ സത്യങ്ങളെ അദ്ദേഹം എല്ലായ്പോഴും പഠിപ്പിച്ചിരുന്നു" എന്നാണു്. (Euseb IV. c. 14.) വി. പൊലിക്കാർപ്പു ക്രിസ്ത്വാബ്ദം ൧൧൦-ൽ ഫിലിപ്പിയക്കു എഴുതിയ ലേഖനത്തിൽ "അനേകരുടെ നിഗളത്തേയും അബദ്ധോപദേശങ്ങളേയും പരിത്യജിച്ചുകൊണ്ടു, ആരംഭത്തിൽ ശ്ലീഹന്മാരാൽ പ്രസംഗിക്കപ്പെട്ട പാരമ്പര്യത്തിലേക്കു (Traditam nobis ab initio doctrinam) നമുക്കു പിന്തിരിയാം" എന്നു പ്രസ്താവിക്കുന്നു. (Phili cap. 7.) അതേകാലത്തു ജീവിച്ചിരുന്ന വേറൊരു സഭാപിതാവു (Epist ad Diognetum cap. II.) "ശ്ലീഹന്മാരുടെ ശിഷ്യനായശേഷം, ഞാൻ ജനങ്ങളുടെ ഉപാദ്ധ്യായനായി. എനിക്കു നൽകപ്പെട്ടവയെ (tradita) ഞാൻ എന്റെ ശിഷ്യർക്കു ഉപദേശിക്കുന്നു... ഇപ്രകാരം സുവിശേഷ വിശ്വാസം സ്ഥിരീകരിക്കപ്പെടുന്നു. ശ്ലീഹന്മാർ നൽകിയ പാരമ്പര്യം സംരക്ഷിക്കപ്പെടുന്നു."

പൂർവ്വസഭയുടെ വേറൊരു സുപ്രസിദ്ധ സാക്ഷി വി. ഇരനേയോസു അത്രെ. അദ്ദേഹം ക്രിസ്ത്വാബ്ദം ൧൨൦-ൽ ഏഷ്യാമൈനറിൽ ജാതനായി. വി. പൊലിക്കാർപ്പും, വി. പപ്പിയാസും അത്രെ ഇദ്ദേഹത്തിന്റെ പ്രധാന ഗുരുക്കന്മാർ. വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അദ്ദേഹം റോമ്മായിൽപോയി ഏതാനും കൊല്ലങ്ങളോളം അവിടെ താമസിച്ചു. തദനന്തരം ഫ്രാൻസിലേക്കുപോയി അവിടെ ൧൭൭-ൽ ലിയോങ്ങ്സു(Lyons) പട്ടണത്തിന്റെ മെത്രാനായി നിയമിക്കപ്പെട്ടു. അവിടെവെച്ചു ദ്വിതീയ ശതകത്തിന്റെ അവസാനഘട്ടത്തിൽ രക്തസാക്ഷിയായി മരിച്ചു. ക്രിസ്തീയ സഭയുടെ പൌരസ്ത്യ, മദ്ധ്യമ, പാശ്ചാത്യപ്രദേശങ്ങളിൽ ദ്വിതീയ ശതകത്തിൽ വിശ്വസിക്കപ്പെട്ടിരുന്ന ക്രിസ്തീയ മതതത്വങ്ങൾക്കു സാക്ഷ്യംവഹിക്കുന്നതിനു ഇദ്ദേഹത്തിനുള്ള യോഗ്യതകൾ മതിയായവതന്നെ. ശ്ലീഹന്മാർ പ്രസംഗിച്ചതും വേദപുസ്തകത്തിൽനിന്നു വ്യത്യാസപ്പെട്ടതുമായ ദൈവവചനം അഥവാ പാരമ്പര്യം ഉണ്ടെന്നും, വേദപുസ്തകത്തിന്റെ അഭാവത്തിൽപോലും പാരമ്പര്യംകൊണ്ടുമാത്രം ക്രിസ്തീയ വിശ്വാസത്തെ സ്ഥാപിക്കാമെന്നും അദ്ദേഹം പഠിപ്പിക്കുന്നു. "ശ്ലീഹന്മാർ വേദപുസ്തകങ്ങളെ നമുക്കു പ്രദാനം ചെയ്തിട്ടില്ലായിരുന്നെങ്കിലും, അവർ സഭാഭരണത്തെ ഏൽപ്പിച്ചുകൊടുത്തവർക്കു നൽകിയ പാരമ്പര്യത്തെ പിൻചെല്ലുന്നതിനു ചുമതലയില്ലായിരുന്നുവോ? മ്ശിഹായിൽ വിശ്വസിക്കുന്ന 'അനേകം പുറജാതിക്കാർ ഈ വ്യവസ്ഥക്കനുരൂപമായി പ്രവർത്തിക്കുന്നു. അക്ഷരമോ മഷിയോ ഉപയോഗിക്കാതെ, 'പരിശുദ്ധാത്മാവുവഴിയായി അവരുടെ ഹൃദയങ്ങളിൽ രക്ഷ എഴുതപ്പെട്ടിരിക്കുന്നു. അവർ പൂർവ്വികപാരമ്പര്യത്തെ ഉത്സാഹത്തോടെ കാക്കുന്നു." (S. Irenaeus Adv. Haereser. I. III. c. 4.) ഗ്നോസ്റ്റിക്കു പതിതരുടെ അബദ്ധോപദേശങ്ങൾക്കു എതിരായി വേദപുസ്തകത്തെമാത്രമല്ല "ശ്ലീഹന്മാരിൽനിന്നു ലഭിക്കയും പട്ടക്കാരുടെ പിന്തുടർച്ചവഴിയായി സഭകളിൽ സൂക്ഷിക്കപ്പെടുകയും, "മെത്രാന്മാരുടെ പിന്തുടർച്ചവഴിയായി നമ്മുടെ പക്കൽ എത്തുകയും ചെയ്തിരിക്കുന്ന പാരമ്പര്യ"ത്തെയും ചൂണ്ടിക്കാണിക്കുന്നു. (Ibid. I. III, c. 3. n. I.)

ഫാദർ റൊമെയോസ്, സി.ഡി.

## പാപദോഷം.

നാം ഉപേക്ഷിക്കേണ്ടതായ ഏററവും വലിയ തിന്മ പാപദോഷമാകുന്നു. നിത്യഭാഗ്യത്തെ നമുക്കു നഷ്ടമാക്കുന്നതു് ഇതു് ഒന്നുമാത്രമാകുന്നു. പാപദോഷങ്ങ

ളുംകട്ടെ ലൌകിക നിർഭാഗ്യങ്ങൾ ഏവ തന്നെയാകട്ടെ ഇവ എത്രമാത്രമായിരുന്നാലും നമ്മെ ദൈവത്തിൽനിന്നു പരിച്ഛേദം വേർതിരിക്കയില്ല. എന്നാൽ ചാവുദോഷം ഒന്നുമാത്രമായിരുന്നാലും നമ്മെ നിത്യനരകത്തിനു യോഗ്യരാക്കിത്തീർക്കുന്നു. ആകയാൽ ഇത്രയും ഭയപ്പെടേണ്ടതു മറ്റൊന്നുമില്ല. ഇതിനെ ഭയപ്പെടാതെ മറ്റെന്തിനെ ഭയന്നതുകൊണ്ടും ശാശ്വതമായ ഒരു പ്രയോജനവുമില്ല. "നിങ്ങളുടെ ശരീരത്തെ കൊല്ലുന്നവനെ ഭയപ്പെടേണ്ട. പിന്നയോ ആത്മാവിനേയും ശരീരത്തേയും ഒന്നിച്ചു നരകാഗ്നിയിൽ തള്ളുവാൻ ശക്തിയുള്ളവനെ (ചാവുദോഷം) ഭയപ്പെടുവിൻ" എന്നു ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിരിക്കുന്നു.

രാജാക്കൾക്കടുത്ത മഹിമയും, ആകർഷണീയമായ വേഷപ്രൌഢിയും സർവ്വസമ്പൽസുഖൈശ്വര്യങ്ങളും ജ്ഞാനവും കീർത്തിയും എല്ലാം പ്രാപിച്ചു ജീവിച്ചാലും— എത്രനാൾ തന്നെ വളരെ സൂക്ഷ്മത്തോടുകൂടി പുണ്യാഭ്യാസങ്ങളിൽ തഴങ്ങി വളർന്നാലും— ഇവയെല്ലാം ഉടച്ചു നശിപ്പിക്കുന്ന ആ ഭയങ്കരമാത്ര ഒരു ചാവുദോഷത്തോടുകൂടി മരിക്കുന്ന സമയമാകുന്നു. "ലോകം മുഴുവൻ— അതിന്റെ സകല സന്തോഷങ്ങളോടുംകൂടി — നേടിയാലും ആത്മാവു നശിച്ചാൽ ഈ നേട്ടംകൊണ്ട് എന്തു പ്രയോജനം" (വി. മത്തായി ൧൬). ഓ! കാര്യത്തിന്റെ ഗൌരവം പോകുന്നതു നിത്യനരകത്തിലേക്കു. നിത്യം, എന്നേക്കും എന്ന പദങ്ങളുടെ സാരാർത്ഥം ഒന്നു മനസ്സിരുത്തി വിചാരിക്കുക. അതിൽ അകപ്പെടുവാൻ എത്ര ചാവുദോഷം വേണം? ഒന്നുമാത്രം മതി. ഘനമായ സംഗതിയിൽ പൂർണ്ണമായ അറിവോടും സമ്മതത്തോടും കൂടിയ ഒരു ദുർവിചാരം, ആഗ്രഹം, വചനം, നോട്ടം, ഒരു നോമ്പ്, കുർബാന ഉത്തരിപ്പുകടം ഇവയിലേതെങ്കിലും വേണ്ടുവോളം മതി. ഏകദോഷം മാത്രംചെയ്തിട്ടും മാപ്പുലഭിക്കാതെ നരകത്തിലേക്കു ശിക്ഷിക്കപ്പെട്ടവർ എത്രയോ ആളുകൾ ഉണ്ട്. മാലാഖാമാരെ ശിക്ഷിച്ച ദൈവത്തിന്റെ നീതിക്ക് ഇപ്പോൾ വല്ല മാററവും ഭവിച്ചിട്ടുണ്ടോ? പൂർവ്വിക കാലത്തിൽ പലരേയും അഗ്നിയിറക്കി ദഹിപ്പിച്ച ദൈവത്തിന്റെ കോപാഗ്നി ഇപ്പോൾ കെട്ടുപോയെന്നുണ്ടോ? പല പ്രാവശ്യം ഘനമായ പാപങ്ങൾ ചെയ്താറെയും ഇനിയും നിന്നെ ദൈവം നിത്യശിക്ഷയ്ക്കു വിധിക്കാത്തതു് തന്റെ അനുഗ്രഹാധിക്യം മാത്രമാണ്. എന്നാൽ ഈ അനുഗ്രഹത്തെ ദുഷ്പ്രയോഗിക്കണ്ടാ. എന്തുകൊണ്ടെന്നാൽ ഓരോരുത്തനോട് ഇത്രയിത്ര ദോഷങ്ങൾ മാത്രമേ പൊറുക്കയുള്ളു എന്നു ദൈവനീതി മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ട്. ആ എണ്ണം തികയുമ്പോൾ ഒന്നുകിൽ പാപിയെ മരിപ്പിക്കും, അല്ലെങ്കിൽ മനസ്താപത്തിനും പിന്തിരിവിനുമുള്ള മനോഗുണം ഇവനു വീണ്ടും നൽകപ്പെടുകയില്ല. ഇനിയത്തെ നിന്റെ പാപം ഒരുവേള ഒടുവിലത്തേതായിരിക്കുമോ? ആരറിയുന്നു? ഭയപ്പെടുക.

ഇഹലോകത്തിൽ നമുക്കു നേരിടുന്ന കഷ്ടനഷ്ടങ്ങൾ ഏതുതന്നെയും പരിഹരിക്കാം. നരകത്തിൽ ഒരിക്കൽ വീണാൽപിന്നെ ആ നാശം തീർക്കാമോ? സ്നേഹിതാ! നീ ഏതെല്ലാം ശാസ്ത്രങ്ങൾ പഠിച്ചാലും എത്രതന്നെ കാര്യശേഷിക്കാരനായാലും നിത്യരക്ഷയുടെ ശാസ്ത്രം ഗ്രഹിച്ചില്ലെങ്കിൽ നീ വലിയ ഭോഷനാണ്. സ്വന്ത കാര്യത്തിനുപോലും പിടിപ്പില്ലാത്തവനാണ്. എന്നാൽ മറ്റൊന്നും പഠിച്ചില്ലെങ്കിലും ഇതു് ഒന്നുമാത്രം ശരിയായി മനസ്സിൽ ധരിച്ചാൽ നീ ഏററവും വലിയ തത്വശാസ്ത്രിയായിരിക്കയും ചെയ്യും. ഇതു് ശാസ്ത്രങ്ങളിൽവച്ചു് ഏററവും ആവശ്യമായ ശാസ്ത്രം. ഇതു പുണ്യവാന്മാരുടെ ശാസ്ത്രം.

മേല്പറഞ്ഞ ഭയങ്കരമാത്ര നിനക്കു എപ്പോൾ വരുമെന്നു നിശ്ചയമുണ്ടോ? എത്രയാളുകൾ വഴിക്കും പുഴയ്ക്കും, ഊണിലും ഉറക്കത്തിലും, നിനച്ചിരിക്കാത്ത വിധത്തിലും ദൈവനീതിന്യായാസനത്തിൻ മുമ്പാകെ നിർത്തപ്പെട്ടിരിക്കുന്നു. നീയോ സഹോദരാ! ഇന്നു ജീവനോടുകൂടിയിരിക്കുന്നു. നാളെ ഒരുവേളെ കുഴിമാടത്തിലായിരിക്കുമോ? അപ്പോൾ നിന്നെ വല്ലവരും അന്വേഷിക്കുമോ? നിന്റെ പ്രവൃത്തികൾ നിന്നെ പിഞ്ചെല്ലും. ഇപ്പോൾ ദോഷത്തോടുകൂടിയാണിരിക്കുന്നതു എങ്കിൽ അഹോ ഭയങ്കരം! എങ്ങിനെ നിന്റെ

അടിയെ മുമ്പോട്ടു വയ്ക്കുവാൻ നീ ധൈര്യപ്പെടുന്നു. യാത്രയിൽ വച്ചു മരിച്ചാലോ? വൃക്ഷത്തിൽ കയറുമ്പോൾ, സംസാരമദ്ധ്യേ അല്ലെങ്കിൽ ഉറക്കത്തിൽ മരിച്ചാലോ? ആകയാൽ താഴെവരുന്ന നിശ്ചയങ്ങൾ ചെയ്യുന്നതു ബുദ്ധിപൂർവ്വകമായിരിക്കും.

൮. ഞാൻ ഒരു മാത്രപോലും ദൈവവിരോധിയായിട്ടു ജീവിക്കയില്ല. വലിയ സൂക്ഷ്മത്തോടെ ജീവിക്കും. എന്നിട്ടും വല്ല ചാവുദോഷത്തിലും വീഴുവാനിടവന്നാൽ ഉടനെ ഉത്തമ മനസ്താപപ്രകരണം ചെയ്യും. കഴിയുന്നത്ര വേഗത്തിൽ കുമ്പസ്സാരിക്കും. അവധി കുറിക്കയില്ല.

☞ (നരകത്തിൽ പോകുമെന്ന പേടിയേക്കാൾ ചെന്നതിനേക്കാൾ പക്ഷം നിറഞ്ഞ പിതാവായ നല്ല ദൈവത്തെ ഉപദ്രവിച്ചതിനെക്കുറിച്ചു മനസ്സിലുണ്ടാകുന്ന പരമാർത്ഥമായ സങ്കടവും പാപദ്വേഷവുമാണ് ഉത്തമമനസ്താപം എന്നു പറയുന്നത്. കുമ്പസാരിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയോടുകൂടി ഈ വിധം മനസ്താപപ്പെട്ടാൽ കുമ്പസാരത്തിനുമുമ്പു തന്നെ ദോഷത്തിനു വിമോചനം ലഭിക്കുന്നു. മരണാപത്തുകളിലൊക്കെയും ഈ മനസ്താപപ്രകരണം ചെയ്യുന്നതിനു വിശ്വാസികൾ അഭ്യസിച്ചിരിക്കേണ്ടതാണ്.)

൯. തിന്മ്യതഴക്കങ്ങൾ, കൂട്ടുകാർ, സ്ഥലങ്ങൾ, അവസരങ്ങൾ മുതലായവയെ ഞാനുപേക്ഷിക്കും. എന്തുകൊണ്ടെന്നാൽ അപകടത്തെ സ്നേഹിക്കുന്നവൻ അതിൽ വീഴും. കാരണങ്ങൾ മാററാതെ കണ്ടു ദോഷം ഉപേക്ഷിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നതു് ഭോഷത്വവും ഭോഷ്ക്കുമാകുന്നു.

൰. പരീക്ഷാസമയങ്ങളിൽ ഞാൻ ഈശോമറിയം എന്ന തിരുനാമങ്ങൾ എളിമയോടെ ഉച്ചരിക്കയും ദേഹത്തിൽ സ്ലീവാ അടയാളം വരയ്ക്കയും ദൈവനീതിയുടെ വാൾ എന്നെ വെട്ടുവാൻ പോകുന്നതുപോലെ നിരൂപിക്കയും ചെയ്യും.

ആകയാൽ സ്നേഹിതാ! ഈ ഉപായങ്ങളെ പ്രയോഗിച്ചുകൊണ്ടു ഏററവും ഭയപ്പെടേണ്ട തിന്മയായ ചാവുദോഷത്തിൽനിന്നും എപ്പോഴും ഒഴിഞ്ഞിരിക്ക. എന്തുകൊണ്ടെന്നാൽ ചാവുദോഷമുള്ളപ്പോൾ നീ നരകശിക്ഷക്കു യോഗ്യനായിരിക്കുന്നു എന്നു മാത്രമല്ല ആ അവസ്ഥയിൽ ചെയ്യപ്പെടുന്ന നിന്റെ പുണ്യപ്രവൃത്തികൾ കൂടെയും ദൈവതിരുമുമ്പാകെ യോഗ്യതയററതും നിർജ്ജീവവുമാകുന്നു. ആത്മാവു ഒന്ന്. മരണവും ഒരിക്കൽമാത്രം. ദൃഷ്ടാന്തം. ഫ്രാൻസിലെ രാജാവായിരുന്ന വി. ലൂയിസിന്റെ അമ്മ ബാല്യപ്രായത്തിൽ അദ്ദേഹത്തോടിപ്രകാരം ഉപദേശിച്ചിരുന്നു. "മകനേ, ചാവുദോഷത്തോടുകൂടി ഒരു മാത്രനേരമെങ്കിലും നിന്നെക്കാണുന്നതിനേക്കാൾ ശവമഞ്ചത്തിൽ പ്രേതമായി നിന്നെ കാണുന്നതു എനിക്കേററം സന്തോഷകരമാകുന്നു. ഈ വാക്കുകൾ അദ്ദേഹത്തെ ഒരു ചാവുദോഷത്തിലും അകപ്പെടാതെ കാത്തു എന്നു മാത്രമല്ല വലിയ പുണ്യവാനാക്കിത്തീർക്കയും ചെയ്തു.

P. C.

# പരിശുദ്ധ മറിയത്തിന്റെ കന്യാത്വത്തെക്കുറിച്ചുള്ള വിവാദങ്ങൾ.

തിരുസഭയുടെ ആദിമഘട്ടത്തിൽ മറിയത്തിന്റെ കന്യാവ്രതത്തിനു എതിരായി പുറപ്പെട്ട ഹെൽവിഡീയൂസ് (Helvidius) യൊവിനിയാൻ (Jovinian) എന്നവരെപ്പോലെതന്നെ ഇന്നുള്ള പ്രോട്ടസ്റ്റന്റുകാർ താഴെക്കാണിപ്പാൻ പോകുന്ന ന്യായങ്ങളാൽ പരിശുദ്ധ മറിയത്തിന്റെ നിത്യകന്യകാത്വത്തെ നിഷേധിച്ചു വരുന്നു. അതായതു്:-

൧. "യൌസേപ്പു തന്റെ ഭാര്യയെ കൈക്കൊള്ളുകയും ചെയ്തു. അവൾ തന്റെ ആദ്യപുത്രനെ പ്രസവിച്ചതു'വരെ'

അയാൾ അവളെ അറിഞ്ഞിരുന്നില്ല" എന്നു സുവിശേഷകൻ പറയുന്നു. (വി. മത്തായി ൧ അ. ൨൪, ൨൫ വാ.). മത്സരബുദ്ധികൾക്കു ഈ വാക്യങ്ങളത്രേ, പരിശുദ്ധ മറിയത്തിൽനിന്ന് ഈശോ അല്ലാതെ മററു മക്കളും ജനിച്ചുയെന്നും തന്നിമിത്തം അവളുടെ കന്യാവ്രതം പൊയ്പ്പോയി എന്നും വാദിക്കുന്നതിനു അവസരത്തെ പ്രദാനം ചെയ്യുന്നത്. എന്നാൽ 'വരേ' എന്ന ക്രിയാവിശേഷണംകൊണ്ട് അവർ വാദിക്കുന്നതുപോലെ ഈശോയുടെ ജനനംവരെ മറിയവും യൌസേപ്പും തമ്മിൽ ഉണ്ടായിരുന്ന കന്യകത്വത്തിന്നടുത്ത ഐക്യതയെ അയാളുടെ ജനനശേഷം അവർ ഉപേക്ഷിച്ചു മറെറല്ലാ ദമ്പതിമാരെപ്പോലെയത്രേ അവർ ജീവിച്ചിരുന്നത് എന്നു സ്പഷ്ടമാകുന്നു



ഹൂക്കർ (Hooker) എന്നു പേരായ ഒരു പ്രോട്ടസ്റ്റൻറുകാരൻ തൻെറ സഹോദരന്മാർ മറിയത്തിൻെറ മഹത്വത്തിനു എതിരായി വാദിക്കുന്നതിനായി മേൽപറഞ്ഞ ക്രിയാവിശേഷണത്തെ (വരെ) അതിരുകവിഞ്ഞ വിധത്തിൽ വിനിയോഗിക്കുന്നതിനാൽ പരിതപിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:– "ആദ്യപതിതർ വി. മത്തായിയുടെ ഈ വാക്കുകളെ ദുഷ്പ്രയോഗിച്ചു വാഴ്ത്തപ്പെട്ട കന്യകയുടെ മഹിമക്കു എതിരായി കോപ്പു ഉണ്ടാക്കുകയും ചെയ്തു. (അവരുടെ വാദമെന്തെന്നാൽ) പ്രത്യേക സാഹചര്യത്തോടെ നിഷേധിക്കപ്പെട്ട ഒരു വസ്തു ആ സാഹചര്യം അനുഭവിച്ച മാത്രയിൽ അതിനു എതിരായുള്ള അനുഭവത്തെ കൊണ്ടുവരുന്നു (എന്നാകുന്നു). The heretics "abused greatly these words of Mathew gathering against the honor of the Blessed Virgin that a thing denied with special circumstance doth import an opposite affirmation when once that circumstance is expired". Hooker Book V. ch. XIV.

ഹൂക്കറിൻെറ വികാരങ്ങളെ കുറെക്കൂടി വിശദീകരിക്കുന്നതായാൽ അത് ഇപ്രകാരമായിരിക്കും. ഒരു വസ്തു വേറൊരു വസ്തു ഉണ്ടാകുന്നതുവരെ ഉണ്ടായില്ലായെന്നു പറയുന്നതിൽനിന്നു രണ്ടാമത്തെ വസ്തു ഉണ്ടായിക്കഴിഞ്ഞാൽ ആദ്യവസ്തു ഉണ്ടായി എന്ന് അർത്ഥം വരുന്നില്ല. ഇതിനു വേദാഗമങ്ങൾ തന്നെ ധാരാളം ലക്ഷ്യങ്ങൾ പ്രദാനം ചെയ്യുന്നു. എന്തെന്നാൽ കാക്ക നോഹിൻെറ പെട്ടകത്തിൽ നിന്നു പുറത്തു പോയി "ഭൂമിയുടെ ഉപരിഭാഗത്തു നിന്നു വെള്ളം വററുന്നതുവരെ അതു മടങ്ങിവന്നതും ഇല്ല" (സൃഷ്ടി ൮– ൭). അതായത് അതൊരിക്കലും മടങ്ങിവന്നില്ല. വെള്ളം വററിയ ഉടനെ അതു മടങ്ങി വന്നുയെന്നു പറയുന്ന പ്രോട്ടസ്റ്റൻറുകാർ ഇല്ലാതിരിക്കെ ഇതേ മാതിരിയിൽത്തന്നെയുള്ള വി. മത്തായിയുടെ വാക്യത്തെ അവർ മേൽപറഞ്ഞ പ്രകാരം വ്യാഖ്യാനിക്കുന്നതിൻെറ രഹസ്യം എന്തെന്നു വായനക്കാർതന്നെ ഊഹിച്ചുകൊള്ളുകയാകുന്നു ഉത്തമം.

"സാമുവേൽ സാവൂളിനെ അയാളുടെ മരണദിനംവരെ, പിന്നീടു കണ്ടില്ലാ." (രാജാക്കളുടെ ഒന്നാംപുസ്തകം ൧൫–ാം അ. ൩൫–ാം വ ). മരണശേഷം കണ്ടുയെന്നു ആരും പറഞ്ഞുകേട്ടിട്ടില്ലാ. "കർത്താവ് എൻെറ നാഥനോടു 'നിൻെറ ശത്രുക്കളെ ഞാൻ നിൻെറ ചവിട്ടുപടി ആക്കുന്നതുവരെ എൻെറ വലത്തുവശത്തു ഇരിക്കുക'യെന്നു പറഞ്ഞു" (മസ്സോറാ CIX). ഈ വാക്കുകൾ നമ്മുടെ ദിവ്യരക്ഷകനെക്കുറിച്ച് അത്രേ പറയപ്പെട്ടിരിക്കുന്നതു എന്നു അന്യവകുപ്പുകാരും സമ്മതിക്കുന്നു. ദൈവം നമ്മുടെ ദിവ്യരക്ഷകൻെറ ശത്രുക്കളെ പണ്ടുപ

ണ്ടേ കീഴടക്കി എന്നു വരികിലും ഇപ്പോഴും ദിവ്യരക്ഷകൻ പിതാവിൻെറ വലത്തുഭാഗത്തു ഇരിക്കുന്നു. എന്നന്നേക്കും ഇരിക്കയും ചെയ്യും. അല്ലാതെ ദിവ്യരക്ഷകൻെറ ശത്രുക്കളെ കീഴ്പെടുത്തിയപ്പോൾ ദൈവം ദിവ്യരക്ഷകൻെറ ആസനത്തെ മാററിയെന്നു ഒരു പ്രോട്ടസ്റ്റൻറുകാരനും പറഞ്ഞു കേട്ടിട്ടില്ല. ഈ വാക്യങ്ങളിൽ നിന്നും തെളിവാകുന്നതുപോലെ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന "അവൾ തൻെറ ആദ്യപുത്രനെ പ്രസവിച്ചതുവരെ അയാൾ അവളെ അറിഞ്ഞിട്ടില്ലാ" (കായകീയമായി) എന്ന വാക്യത്തിൽനിന്നു പ്രസവാനന്തരം അയാൾ അവളെ അറിഞ്ഞുയെന്നും, തന്നിമിത്തം അവളുടെ കന്യാവ്രതം നഷ്ടീഭവിച്ചുയെന്നും ഒരു നാളും തെളിവാകുന്നില്ല. (തുടരും)

കെ. എം.

---

# തിരുഹൃദയഭക്തന്മാർ ൧൯൨൦ ഇടവമാസത്തിൽ വയ്ക്കേണ്ട പൊതുനിയോഗം.

"ക്രിസ്തീയമാതാവു് കുടുംബത്തിലും സമുദായത്തിലും വിനയദൃഷ്ടാന്തമാകണം".

വിശുദ്ധ ഇഞ്ഞാസിയോസ് ലൊയോള പഠിപ്പിക്കുംപോലെ വിനയം അനവധി തിന്മകളിൽനിന്നു നമ്മെ കാത്തുരക്ഷിക്കുന്ന ഒരു ഭദ്രമായ കോട്ടയാകുന്നു. വിനയമെന്നീ പുണ്യമില്ലാത്തവൻ സകല തിന്മകളുടെയും വിളനിലമായിത്തീരുകയും ചെയ്യും. സകലൎക്കും അവശ്യം ക്രുടിയേ മതിയാവു എന്ന ഈ സൽഗുണത്തെ ഈ കടശികാലങ്ങളിൽ പുതിയ പരിഷ്കാരികൾ സ്വാതന്ത്ര്യം, ബുദ്ധിവികാസം, മനോവിശാലത എന്നിങ്ങനെ ഓരോ ന്യായങ്ങൾ പറഞ്ഞുകൊണ്ടു തീരെ അഗണ്യമാക്കുകയും തൻമൂലം അനവധി അതിക്രമങ്ങൾക്കും പാപങ്ങൾക്കും വഴി തുറക്കുകയും ചെയ്യുന്നു. പ്രത്യേകം പെൺകുട്ടികൾ, സ്ത്രീകൾക്കു ഭൂഷണമായിരിക്കുന്ന, വിനയവും അടക്കഒതുക്കവും പരിപാലിക്കണം. പുതിയ വിദ്യാഭ്യാസത്തിൻെറ രീതികൊണ്ടു് ഈ വിഷയത്തിൽ യൂറോപ്പിൽ മാത്രമല്ല നമ്മുടെ നാട്ടിൽത്തന്നെയും പല തകരാറുകൾ നടക്കുന്നുണ്ടു്; അവയ്ക്കു തക്ക ദോഷഫലങ്ങളെ ദുഃഖസമേതം കണ്ടറിവാനും ഇടവരുന്നുണ്ടു്. എന്നാൽ ഇതിനുള്ള മറുമരുന്നു് കുട്ടികളെ ചെറുപ്പത്തിൽ തന്നെ വിനയം പഠിപ്പിക്കുന്നതാകുന്നു. ശീലിക്കുന്നതേ പാലിക്കു. എന്നാൽ കുട്ടികൾ വളരുന്നതും ആദ്യമേ പഠിക്കുന്നതും തള്ളമാരുടെ പക്കലാകയാൽ, തള്ളമാർ കുടുംബത്തിലും സമുദായത്തിലും പെരുമാറുമ്പോൾ മഹാ വിനയമുള്ളവരായിരിക്കണം. ഇപ്രകാരം ക്രിസ്തീയമാതാവു് കുടുംബത്തിലും സമുദായത്തിലും വിനയദൃഷ്ടാന്തമായിരുന്നാൽ, കുട്ടികളും വിനയമുള്ളവരായിത്തീരും. ആകയാൽ തിരുഹൃദയഭക്തന്മാർ സകലൎക്കും ആവശ്യമായ വിനയം അനുസരിക്കയും, ശേഷംപേരിൽ പ്രത്യേകം ക്രിസ്തീയമാതാക്കളിൽ ഇതു് ഉണ്ടാകുന്നതിനായി പ്രാൎത്ഥിക്കയും വേണം.

---

## മനഃഗുണവിവരങ്ങൾ.

വി. അന്തോനീസു പുണ്യവാൻെറ മാദ്ധ്യസ്ഥത്താൽ അർശ്ശസ്സുമൂലം ഉണ്ടായ സുഖക്കേടിൻെറ രണ്ടു വലിയ വിഷമഘട്ടങ്ങളിൽ പെട്ടെന്നു സുഖം കിട്ടി.

എൻ. ജെ. സക്കറിയാ നിലവന്തു, കാവാലം.

എനിക്കു മസൂരിദീനം പിടിപെട്ടു കിടപ്പിലായിരിക്കയിൽ എൻെറ കുടുംബത്തിൽ മററു ഒരുത്തൎക്കും പ്രസ്തുത ദീനം ഉണ്ടാകാതിരിക്കണമെന്നും, എൻെറ രോഗം ശമിക്കണമെന്നും ഉള്ള ഉദ്ദേശത്തോടെ ന. ക. തിരുഹൃദയത്തിൻെറ നൊവേന കഴിച്ചാറെ, കാരുണ്യവാരിധിയായ ന. കൎത്താവു് എൻെറ പ്രാൎത്ഥനയെ കേട്ടു എന്നു കൃതജ്ഞതാപൂൎവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ചെറുവാണ്ടൂർ.

# ബാബേൽ പാത്രിയർക്കീസ് മാർ യൌസേപ്പ അമ്മാനുവേൽ തോമ്മാ തിരുമനസ്സിലെ യൂറോപ്പ സന്ദർശനം.

ഈ വന്ദ്യ പുരോഹിതശ്രേഷ്ഠൻ ഈയിടെ ഇംഗ്ലണ്ടിനെ സന്ദർശിക്കയുണ്ടായി. തദവസരത്തിൽ കൽദ്‌യാദേശത്തിന്റെ നിലയെപ്പററി ചെയ്ത പ്രസംഗത്തിന്റെ ചുരുക്കം താഴെ ചേൎക്കുന്നതു് കുസുമവായനക്കാൎക്കു രസകരമായിരിക്കുമെന്നു വിചാരിക്കുന്നു.

മെസോപ്പൊത്താമിയാ മനുഷ്യകുലത്തിന്റെ ജനനസ്ഥലമെന്നു മാത്രമല്ല പ്രാചീന പരിഷ്കാരത്തിന്റെ പ്രാരംഭസ്ഥാനമെന്നു കൂടി ക്രിസ്തീയ ജനത്തെ പ്രത്യേകാൽ ഗ്രഹിപ്പിക്കേണ്ട ആവശ്യമില്ലെന്നു പറഞ്ഞാണ് അദ്ദേഹം പ്രസംഗം തുടരുന്നതു്. വേദാഗമ ചരിത്രഖണ്ഡങ്ങൾ മിക്കവാറും എല്ലാ പകുതങ്ങളിലും നിനിവേ, ബാബിലോൻ, കൽദ്‌യ അസീറിയ സാമ്രാജ്യം എന്നിതുകളെക്കുറിച്ചുള്ള വൎത്തമാനങ്ങൾ കാണാവുന്നതാണ്. തിരുസഭാചരിത്രകാരന്മാർ അവിടത്തെ ജനതതിയേയും അവരുടെ മനഃപരിഷ്കാരത്തേയും പററി ഘോഷിക്കാതിരിക്കുന്നില്ല. ഈ പ്രദേശം, കത്തോലിക്ക മാനസ്സികവികാസ ജീവിതത്തിന്റെ കേന്ദ്രസ്ഥാനമായിട്ടാണ് ഒരുകാലത്തു നിന്നിട്ടുള്ളതു്. അൻറിയോക്ക്, എദേസ്സാ, നിസിബിസ്, ക്‌കററസിഫോൺ എന്ന പട്ടണങ്ങളിൽ ഓരോ കത്തോലിക്ക സൎവ്വകലാശാലകൾ ഉണ്ടായിരുന്നു. എജിപ്തിൽ നീലനദി പ്രദേശങ്ങളെപ്പോലെ, ഇവിടെയും ടീഗ്രീസും യൂഫ്രറീസും നദികളുടെ താഴ്‌വാരങ്ങൾ സന്യാസവരന്മാരുടേയും വനവാസജീവിതക്കാരുടേയും ഉത്ഭവത്തിന്റെയും വളൎച്ചയുടേയും പ്രധാന സ്ഥലമായിരുന്നു. ഈ ക്രിസ്തീയ പരിഷ്കാരം, വേദപ്രചാര പ്രസംഗകന്മാർ വഴിയായി പേൎസ്യാ, ഇന്ത്യാ, അറേബിയാ, ചൈനാ, താർററ്റി, കൊക്കേസൂസ് എന്നീ രാജ്യങ്ങളിലും പടൎന്നു പിടിച്ചിരുന്നു. ഈ പള്ളിയുടെ മിഷ്യൻ വേലയുടെ അതിൎത്തി വളരെ വിസ്തീൎണ്ണമുള്ളതായിരുന്നു. സിറൊകൽദ്‌യാ പാത്രിയൎക്കീസ് സിംഹാസനത്തിന്റെ അധികാരസീമയിൽ പെട്ടതായി ൧൧-ാം നൂറ്റാണ്ടിൽ എണ്ണൂർലക്ഷം ജനങ്ങൾ ഉണ്ടായിരുന്നു. ഇക്കഴിഞ്ഞ മഹായുദ്ധത്തിനു സ്വല്പം മുമ്പായി എടുത്ത കണക്കനുസരിച്ച് കത്തോലിക്കർ, നെസ്തോറീസ്‌കാർ, യാക്കോബിയർ ഉൾപ്പെട്ട നാലുലക്ഷംപേർ മാത്രമേ ഉണ്ടായിരുന്നൊള്ളു.

കത്തോലിക്ക് പാത്രിയൎക്കീസിന്റെ ഭരണത്തിൻകീഴ് ഇപ്പോൾ രണ്ടുലക്ഷം ക്രിസ്ത്യാനികളുണ്ട്. നെസ്തോറീസ്‌കാർ അറുപതിനായിരത്തിൽ കൂടുതൽ ഇല്ല. മേൽപ്രസ്താവിച്ച ആ വലിയ ജനസംഖ്യയിൽനിന്നും ക്രിസ്ത്യാനികൾക്കു തട്ടീട്ടുള്ള അധഃപതനത്തെപ്പററി കേൾക്കുന്ന ഏവനും വിസ്മയിക്കാതിരിക്കയില്ല. ഇതു കിഴക്കേ പള്ളിയുടെ ചരിത്രത്തിൽ അത്യധികമായ വിലാപത്തിനു ഹേതുഭൂതമായിട്ടുള്ള ഒരു സംഭവമാണ്. പ്രത്യക്ഷത്തിൽ കാണത്തക്കവണ്ണമുള്ള വലിയ ഉടവുതട്ടിയതു ൧൩-ാം നൂററാണ്ടിനു ശേഷമാണെന്നിരുന്നാലും പേൎസ്യാക്കാരുടെയും, റോമ്മാക്കാരുടെയും ആക്രമണം മുതൽ ഈ അധോഗതിയുടെ ആരംഭം കണ്ടുതുടങ്ങിയെന്നു പറയേണ്ടിയിരിക്കുന്നു. തന്നെയുമല്ല, അറബി കാലിഫ്മാരുടെ കയ്യേററംമൂലവും ഈ നാട്ടിലെ ക്രിസ്ത്യാനികൾ സഹിച്ച കഷ്ടപ്പാടുകൾ ഒട്ടും ചില്ലറയല്ല. മുഗൾ രാഷ്ട്രന്മാർ വന്നതിനോടുകൂടി ഈ ജാതിയെ നാമാവശേഷമാക്കിയെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

അപരിഷ്കൃതന്മാരായ ഈ കാട്ടാളരുടെ ഭരണകാലത്തു അവർ സന്യാസഭവനങ്ങളെ പൊളിച്ചുകളകയും, ദേവാലയങ്ങളെ നശിപ്പിക്കയും, സ്കൂളുകളേയും സൎവ്വകലാശാലകളേയും ശൂന്യപ്പെടുത്തുകയും ക്രിസ്ത്യാനികളെ കൂട്ടക്കൊല ചെയ്കയും ചെയ്തു. ഈ പോരാട്ടത്തിന്റെ ഫലമായി അനേകലക്ഷം ക്രിസ്ത്യാനികളിൽ ഇന്ത്യായിൽ പത്തുലക്ഷവും, പേൎസ്യായിലും മുഗൾ ഭരണാതൃത്തികളിലും കൂടി വേറൊരു പത്തുലക്ഷവുമായി ശേഷിച്ചു." ഇവരുടെ പിൻഗാമികളായിട്ടു പിന്നീടുവന്നതു, തുൎക്കികളും കൎക്കശമായ

അവരുടെ നിയമങ്ങളുമാണ്. അമാനുഷികവും അനീതികരവുമായ അവരുടെ നുകത്തെ വഹിക്കുന്നതിൽ അശക്തന്മാരും നിസ്സഹായന്മാരുമായിരുന്ന ഘട്ടത്തിലാണ് ലോകപ്രസിദ്ധമായ മഹായുദ്ധം തുടങ്ങിയത്. ശരീരികവും ബാഹ്യവുമായി ഈ പ്രശസ്തജനം സഹിച്ച കഷ്ടപ്പാടുകൾക്കും പുറമേ ആത്മീകമായതും അഭ്യന്തരമായതുമായ ഒരു വലിയ സങ്കടം നേരിട്ടിട്ടുണ്ടെന്നുള്ളതു പ്രസ്താവ്യമാണ്.

അഞ്ചാം നൂററാണ്ടിൽ ക്രിസ്ത്യാനികളുടെ ഒരു പ്രധാനഭാഗം നെസ്തോറീസിന്റെ തെററായ പഠനത്തെ സ്വീകരിക്കമൂലം കത്തോലിക്ക റോമ്മാപ്പള്ളിയുമായുള്ള യോജിപ്പും ബന്ധവുമില്ലാതെ ദീഘകാലം നിന്നിരുന്നുവെന്നതു ഈ വംശത്തിന്റെ അധോഗതിക്കു വേറൊരു പ്രധാനകാരണമായി കരുതേണ്ടതാണ്. ഈ കുഴപ്പകാലങ്ങളിൽ അധികാരികളെ തെരിഞ്ഞെടുക്കുന്നതിലും മററും വളരെ തകരാറുകൾ നടന്നിരുന്നു. വൈദികഗണം വഷളന്മാരായിത്തീൎന്നു. വിശ്വാസികളുടെ ഇടയിലും ഭിന്നിതങ്ങൾ ഉണ്ടായി. അത്യാഗ്രഹവും അധികാരഭ്രമവും നിൎവ്വാഹകന്മാരിൽ അത്യധികം വൎദ്ധിച്ചുവന്നു. വിവിധതര അഭ്യന്തര കലാപങ്ങളുടെ ഫലമായി ശാസ്ത്രജ്ഞാനവും വിദ്യാഭ്യാസവും സിദ്ധിക്കുന്നതിന്നുള്ള മാൎഗ്ഗങ്ങൾ അടഞ്ഞുപോയി. ഇങ്ങനെ അയൽവാസികളായ ക്രിസ്ത്യാനികളുടെ ഇടയിൽ ഹാസ്യവിഷയമായി ഭവിക്കത്തക്ക നിലയിൽ ഈ ജനം എത്തുകയുംചെയ്തുവെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

പരിതാപകരമായ ഈ അവസ്ഥയിൽനിന്നു തങ്ങളെ വിമോചിക്കുന്നതിന്നു വേണ്ട മാൎഗ്ഗങ്ങളെ ആലോചിച്ചു കണ്ടുപിടിക്കുന്നതിന്നായി ൧൫൫൨-ൽ ഒരു പ്രത്യേക കമ്മട്ടിയെ നിശ്ചയിച്ചു. കത്തോലിക്ക വേദത്തെ ശരിയായ വിധത്തിൽ പുനഃസ്ഥാപിക്കാതെയും റോമ്മായുമായി അന്യോന്യബന്ധം ഉണ്ടാകാതെയും തൽകാൎയ്യസാദ്ധ്യം ഉണ്ടാകുന്നതല്ലെന്നു കമ്മട്ടിക്കാർ ബുദ്ധിപൂൎവ്വമായി നിശ്ചയിച്ചു. ശാസ്ത്രജ്ഞാനമുള്ളവനും ഭക്തനും സുകൃതവാനുമായ യോഹന്നാൻ സൂലാക്കാ എന്നൊരു സന്യാസവൎയ്യന്റെ നേതൃത്വത്തിൽ ഒരു പ്രതിപുരുഷസംഘക്കാരെ ആ കാൎയ്യസാദ്ധ്യത്തിന്നായി റോമ്മായിലേക്കു അയച്ചു. മേൽപറയപ്പെട്ട പ്രതിപുരുഷസംഘത്തിന്റെ അപേക്ഷ അവരുടെ നേതാവായ യോഹന്നാൻ സൂലാക്കായെ മെത്രാനായി അഭിഷേകംചെയ്ത് പാത്രിയൎക്കീസ് സ്ഥാനം, റോമ്മാ സിംഹാസനത്തോടുള്ള യോജ്യതയോടുകൂടി പുനഃസ്ഥാപിക്കണമെന്നായിരുന്നു. അന്നു തിരുസഭയെ ഭരിച്ചിരുന്ന മൂന്നാമത്തെ യൂലിയോസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ട് അവരെ ദയാപൂൎവ്വം സ്വീകരിക്കയും അവരുടെ അപേക്ഷപ്രകാരം യോഹന്നാൻ സൂലാക്കായെ മെത്രാപ്പോലിത്തായായി അഭിഷേകം ചെയ്തശേഷം കിഴക്കൻ പ്രദേശത്തു സിറൊ കൽദായ ജനത്തിന്റെ പാത്രിയൎക്കീസായി വാഴിച്ചയയ്ക്കയും ചെയ്തു. അന്നുമുതൽ ഈ ജാതിയിൽപെട്ട കത്തോലിക്കരുടെ ഇടയിൽ പറയത്തക്ക അഭിവൃദ്ധിയുണ്ടായിത്തുടങ്ങി. ഇവരുടെ സംഖ്യ മെസോപ്പൊത്താമിയാ, പേർസ്യാ, കുർസിസ്റ്റാൻ എന്ന സ്ഥലങ്ങളിൽ വൎദ്ധിച്ചുവന്നു. നിത്യസ്മരണക്കു യോഗ്യനായ ൧൩-ാം ലെഓൻ മാൎപ്പാപ്പാ തിരുമനസ്സുകൊണ്ട് ഇപ്പോഴത്തെ പാത്രിയൎക്കീസിന്റെ കാലത്തുതന്നെ, സിറോ കൽദയാ സിംഹാസനത്തോടു പ്രത്യേക പ്രതിപത്തി പ്രദൎശിപ്പിക്കയും അതിന്റെ ദയനീയ അവസ്ഥയിൽനിന്നും ഒന്നുയൎത്തുന്നതിന്ന് വേണ്ടതു പ്രവൃത്തിക്കയുംചെയ്തു.

ഈ കാലത്തു കത്തോലിക്ക 'കൽദായാ പാത്രിയൎക്കീസ് സിംഹാസനം സാക്ഷാൽ ഒരു നല്ല നിലയെ പ്രാപിച്ചു. മെസോപ്പോത്താമിയാ, പേർസ്യാ, ഉൾപ്പെട്ട പതിനാറു മെത്രാന്മാരും, മൂന്നു സെമ്നാരികളും, ഒട്ടുവളരെ പഠിപ്പും, ഭക്തിയുള്ള പട്ടക്കാരും സ്കൂൾകളും ഉണ്ടായിരുന്നു. മാനസികമായും ശാരീരികമായും ജനങ്ങൾ പരിഷ്ക്കാര പദ്ധതിയിൽ നടന്നുതുടങ്ങി. എന്നാൽ ഇപ്പോഴത്തെ ലോകമഹായുദ്ധം ഞങ്ങളുടെ ശുഭസ്ഥിതി പൂൎത്തികരിക്കുന്നതിനോ ദീൎഘിപ്പിക്കുന്നതിനോ ഇടയാക്കിയില്ലെന്നു" വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. യു

ദ്ധകാലത്തു് ആറു മെത്രാന്മാരും, അമ്പതു വൈദികരും അമ്പതിനായിരത്തിൽ പരം ക്രിസ്ത്യാനികളും നിൎദ്ദയയായി നിഗ്രഹിക്കപ്പെട്ടു. ആറുരൂപതകളുടെ സ്വത്തുക്കൾ ശത്രുക്കൾ ഇപ്പോഴും അന്യായമായി കൈവശംവെച്ചുകൊണ്ടിരിക്കുന്നു. ഇത്രയുമുള്ള സംഗതികളെ വിവരിച്ചശേഷം പാത്രിയൎക്കീസ്സുതിരുമനസ്സു കൊണ്ടു ഇത്ര പ്രയാസമുള്ളതും, ദീൎഘമായതുമായ യാത്രയുടെ ഉദ്ദേശത്തെപ്പററി ഹൃദയംഗമമായും ആരേയും ആകൎഷിക്കത്തക്കവണ്ണം പറഞ്ഞുകൊണ്ടു സംഗതി സാമാപിക്കുന്നു. അക്രമമായ ഈ കയ്യേററത്തെ നിറുത്തൽചെയ്യുന്നതിന്നു സകലിതരോടു ഞാൻ പ്രാൎത്ഥിക്കുന്നുയെന്നും നീതിയും, സമാധാനവും പുനൎസ്ഥാപിക്കണമെന്നും, അവർ പിരിച്ച മുതലുകളെ തിരികെ കൊടുപ്പിക്കണമെന്നും ബലമായി പ്രസ്ഥാപിച്ചു. പ്രസംഗം അവസാനത്തിൽ ഇപ്പോൾ ഭാഗ്യമായി വാഴുന്ന പതിനഞ്ചാം ബെനദിക്തോസ് മാപ്പാപ്പാതിരുമനസ്സിലെ മഹാമനസ്കതയെപ്പററി വളരെ സ്തുതിക്കുന്നുണ്ടു്. കിഴക്കൻ റീത്തുകളുടെ പൂൎവ്വസ്ഥിതിയെ ആശിച്ചു പരിശുദ്ധ പിതാവു് ചെയ്യുന്ന പ്രസംസാൎഹമായ മാഹാത്മ്യകൃത്യത്തെപ്പററി സ്തുതിച്ചു പറയുന്നു. കൂടാതെയും തൻെറ രൂപതയുടെ തല്ക്കാലസ്ഥിതിയെ ഉയൎത്തുന്നതിനായി വേണ്ട ധൎമ്മസഹായം ചെയ്യണമെന്നുകൂടി ഔദാൎയ്യശീലന്മാരെ ആൎയ്യരോടു ആവശ്യപ്പെടുന്നു. അദ്ദേഹത്തിൻെറ ശീമയാത്ര ശുഭകരമായിവരട്ടെ.

☞ കത്തോലിക്ക് സഭയിൽനിന്നു് മാറി ഇപ്പോൾ നാഥനില്ലാതെ അന്യോന്യംകലഹിച്ചുകുഴങ്ങുന്ന നമ്മുടെ സഹോദരങ്ങൾ ഈലേഖനം വായിക്കട്ടെ.

## വൎത്തമാനക്കുറിപ്പുകൾ

മുൻസിഫ്കോൎട്ടു വക്കീൽ മിസ്റ്റർ കെ. പി. പുന്നൂസ് ഇപ്രകാരം എഴുതിയിരിക്കുന്നു. — "മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥന, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാൎത്ഥന" ഇവകളെ സംബന്ധിച്ചു ഉപന്യാസം എഴുതുവാൻ ആവശ്യപ്പെട്ടതനുസരിച്ചു വന്ന ഉപന്യാസങ്ങൾ കിട്ടിയിട്ടുണ്ടു്. കിട്ടിയ ഉടൻതന്നെ കച്ചേരി അടപ്പു വരികയാൽ പരിശോധകന്മാർ സ്ഥലത്തില്ലാതെ വന്നതുനിമിത്തം പരിശോധന തീൎന്നിട്ടില്ല. മിഥുനം ൩൦-നുക്കകമായിട്ടേ പരിശോധനാഫലം അറിയിപ്പാൻ തരമുള്ളു."

*　　*　　*

ഏറെത്താമസിയാതെ മദ്രാസിൽവെച്ചു നടത്തപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്ന മൎയ്യൻ കോൺഗ്രസ്സ് എന്ന സൎവ്വേന്ത്യാ കത്തോലിക്കാ മഹാജനസഭയിൽ ആദ്ധ്യക്ഷം വഹിക്കാനായി റോമിൽ നിന്നു ഒരു കൎദ്ദിനാളിനെ അയക്കാൻ തൽക്കാലം പല വിഷമതകളുമുണ്ടെന്നാണു പ്രോപ്പഗാന്ത പ്രിഫെക്ട് മറുപടി അയച്ചിരിക്കുന്നതെങ്കിലും ഡെലിഗെററ് അപ്പോസ്തോലിക്കാ തിരുമനസ്സുകൊണ്ടു പ്രസ്തുത യോഗത്തിൽ സംബന്ധിക്കാമെന്നു സമ്മതിച്ചിട്ടുള്ളതായി അറിയുന്നു.

പുത്തൻകൂറു സമുദായത്തിൽ സ്വത്തുകൊണ്ടും പുരാതനതകൊണ്ടുംമററും ഇന്നു പ്രഥമസ്ഥാനത്തിൽ എണ്ണപ്പെട്ടിരിക്കുന്ന ഒരു കുടുംബമാണു് "കിഴക്കമ്പലത്തു കൊച്ചാക്കൻ" എന്ന പേരിനാൽ അറിയപ്പെട്ടിരിക്കുന്നതു്. ഈ കുടുംബം, ഏപ്രിൽ ൧൨-ാംനു- നമ്മുടെ കൎത്താവിൻെറ ഉയിൎപ്പിൻെറ തലേദിവസം ആറേഴ അംഗങ്ങളോടുകൂടി കിഴക്കമ്പലത്തു കത്തോലിക്കാപ്പള്ളിയിലേക്കു ചേൎന്നിരിക്കുന്നു. എറണാകുളം വികാരി അപ്പസ്തോലിക്കാ നി. വ. ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാനച്ചൻ അവൎകൾ വളരെ സന്തോഷിച്ചു അനുഗ്രഹിച്ചു കല്പന അയച്ചിട്ടുണ്ടെന്നും, ടി. കുടുംബക്കാർ തങ്ങളുടെ സ്നേഹബഹുമാനാദികളെ കാണിപ്പാനായി തിരുമേനിയെ അടുത്ത ദിവസങ്ങളിൽ പോയി സന്ദൎശിക്കുമെന്നും അറിയുന്നു.

### മരണം.

പറമുണ്ടയിൽ കുരുവിള ദേവസ്യായെന്നയാളിൻെറ ഭാൎയ്യ ഏലിയെന്ന സ്ത്രീ തൻെറ ൧൨-ാമത്തെ വയസ്സിൽ ഏപ്രിൽ ൨൩-നു- അന്തിമകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു കൎത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. R. I. P.

# പഞ്ചാംഗം.

---

ഞായറാഴ്ച അക്ഷരം ൧൯൨൦ ൫൰൨ എപ്പകത്തി ൧൦.

## ൧൯൨൦ാം മെയി— ൧൦൯൫ മേടം—ഇടവം.

കന്യക മറിയത്തിന്റെ വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 19 | ശ | (✠) പിലിപ്പോസ് യാക്കോ ശ്ലീഹാ. ന. കു. വെ. | ച്ചു. |
| 2 🌕 | 20 | ഞാ | ✠ ഉയിപ്പു. ൪—ാം ഞാ. ന. കു. ആ. .൨൫ .൭ .൨ | വെ. |
| 3 | 21 | തി | ശു. കുരിശു കണ്ടെത്തി. ന. ആ. കു. വെ. ... | ച്ചു. |
| | | | ഉത്തരീയ സഭക്കാൎക്കു പൂൎണ്ണദണ്ഡവിമോചനം. | |
| 4 | 22 | ചൊ | വി. മോനിക്കാ. ന. ആ. കു. വെ. ... ... | വെ. |
| | | | കൈപ്പുഴ, വാഴക്കുളം ഈ പള്ളിയിൽ വി. ഗീവറുഗീസിന്റെ തിരുനാൾ. | |
| 5 | 23 | ബു | † പാ. മെ൪. പാപ്പാ. പീയൂസ് ന. ആ കു. വെ. | വെ. |
| 6 | 24 | വ്യാ | യോഹന്നാൻ കടാഹത്തിൽ. ലത്തീനാ. ന. ആ. കു. വെ. | ച്ചു. |
| | | | എടത്വാപ്പള്ളിയിൽ വി. ഗീവറുഗീസിന്റെ തിരുനാൾ. | |
| 7 | 25 | വെ | അ. വേ. സ്തനിസ്ലാവോസ് ന. ആ. കു. വെ. | ച്ചു. |
| 8 | 26 | ശ | വി. മിഖായേൽ മാലാഖാ. പ്രത്യക്ഷ. ന. ആ. കു. വെ. | വെ. |
| | | | ജോൎജ്ജ് പഞ്ചമൻ സിംഹാസനാരോഹണം. 1910. | |
| 9 | 27 | ഞാ | ✠ ഉയിപ്പു. ൫—ാം ഞാ. ന. കു. ആ. .൧൯ .൦ .൫ | വെ. |
| | | | ☞ വ്യാഴം തിരുനാൾകടം പള്ളിയിൽ പറയണം. | |
| 10 | 28 | തി | ലുത്തനിയാ. ന. കു. ആ. ... ... | റോ. |
| 11 | 29 | ചൊ | ലുത്തനിയാ. ന. ആ. കു. ഇന്നലത്തേതു്. ... | റോ. |
| 12 | 30 | ബു | ന. ക. സ്വൎഗ്ഗാരോഹ. തലേനാൾ ന. ആ. കു. തലേ. | റോ. |
| 13 | 31 | വ്യാ | ✠ ന. ക. സ്വൎഗ്ഗാരോഹണം ന. കു. വെ. | വെ. |
| 14 | 1 | വെ | വേ. ബൊനിഫാസിയോസ ന. ആ. കു. വെ. | ച്ചു. |
| 15 | 2 | ശ | അ. മെ൪. അത്തനാസിസ് (ഈ മാ. ൨.) ന. ആ. കു. വെ. | വെ. |
| 16 | 3 | ഞാ | ✠ ഉയിപ്പ് ൬—ാം ഞാ. ന. കു. ആ. .൫൨ .൯ .൨ | വെ. |
| 17 | 4 | തി | † മെ൪. പസ്കാലിസ് ന. ആ. കു. വെ. ... | വെ. |
| 18 🌑 | 5 | ചൊ | † വേ. ബനാദിക്തോസ് ന. ആ. കു. വെ. ... | ച്ചു. |
| 19 | 6 | ബു | ക. പുടെന്ത്യാനാ. ന. ആ. കു. വെ. ... | വെ. |
| 20 | 7 | വ്യാ | † മെ൪. ബൎണ്ണൎദീനോസ്. ന. ആ. കു. വെ. ... | വെ. |
| 21 | 8 | വെ | അ. മ. ഗ്രിഗോരി. നസ്യാൻസ് (ഈ മാ. ൯) ന. ആ. കു. വെ | വെ. |
| 22 | 9 | ശ | പന്തക്കുസ്താ. തലേനാൾ ന. ആ. കു. തലേ. ... | ച്ചു. |
| 23 | 10 | ഞാ | ✠ പന്തക്കുസ്താ. ന. കു. വെ. ൨൬൫൨ .൨൫ .൨ .൫ | ച്ചു. |
| | | | ☞ ബുധൻ ഇറച്ചിവിലക്കു പള്ളിയിൽ പറയണം. | |
| 24 | 11 | തി | (✠) എം. ന. കു. ആ. .. ... | ച്ചു. |
| 25 | 12 | ചൊ | (✠) എം. ന. കു. ആ. ... ... | ച്ചു. |
| 26 | 13 | ബു | (✠) എം. ന. കു. ആ. (പട്ടം. ഇറച്ചി വിലക്ക്) | ച്ചു. |
| 27 | 14 | വ്യാ | എം. ന. കു. ആ. ... ... ... | ച്ചു. |
| 28 | 15 | വെ | എം. ന. കു. ആ. (പട്ടം) ... ... | ച്ചു. |
| 29 | 16 | ശ | എം. ന. കു. ആ. (പട്ടം) ... ... | ച്ചു. |
| 30 | 17 | ഞാ | ✠ (പന്ത. ൧—ാം ഞാ.) ത്രീത്വ. ന. ആ. കു. വെ. .൨൫ .൩ .൫ | വെ. |
| | | | ☞ വ്യാഴം തിരുനാൾകടം പള്ളിയിൽ പറയണം. | |
| 31 | 18 | തി | കന്യക പത്രോസിയാ. ന. ആ. കു. വെ. ... | വെ. |

---

Printed and Published for the Proprietor, by P. K. Joseph. at
St, Joseph's Press, Mannanam. 1920.

## നാല്പതുമണി ആരാധന.

മന്നാനം ആശ്രമ ദേവാലയത്തിൽ പതിവായി നടത്തിവരുന്ന നാല്പതുമണി ആരാധന എന്ന മഹോന്നത കർമ്മവും വി. യൌസേപ്പപിതാവിൻെറതിരുനാളാഘോഷവും കഴിഞ്ഞ വ്യാഴം, വെള്ളി, ശനി, ഞായർ ഈ ദിവസങ്ങളിൽ വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. ആരാധനത്തിന്നായി കേരളത്തിൻെറ പലഭാഗങ്ങളിൽനിന്നും അനേകം കത്തോലിക്കർ വന്നുകൂടിയിരുന്നു. ഈ ദിവ്യകർമ്മത്തിന്നു പല ആശ്രമങ്ങളിൽനിന്നും വന്ന സന്യാസപട്ടക്കാരുൾപ്പടെ നാല്പതോളം വൈദികർ സന്നിഹിതരായിരുന്നു. കോട്ടയം മിസ്സത്തിൻെറ വികാരി അപ്പസ്തോലിക്ക് നി. വ ദി. ശ്രീ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സുകൊണ്ടും ഇതിൽ സംബന്ധിക്കയുണ്ടായി. ഒന്നാംദിവസത്തെ പ്രധാനകാർമ്മികൻ ക. നി. മൃ. സ. ബ. ചിപ്രിയാനോസച്ചനും, രണ്ടാംദിവസത്തേതു് പുന്നത്തറ വടക്കയിൽ ബ. മത്തായി അച്ചനുമാണ്. മൂന്നാംദിവസം ആഘോഷമായ പാട്ടുകുർബാന പാടിയതു് ചേർപ്പുങ്കൽ ചെറുശേരിൽ ബ. വർക്കി അച്ചനും, വി. കുർബാനയുടെ പ്രദക്ഷിണവും വാഴ്വും നടത്തിയതു് നി. വ. ദിവ്യശ്രീ മാർ അലക്സാണ്ടർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടുമാണ്. മാർ യൌസേപ്പപിതാവിൻെറ തിരുനാളിനു തലേദനം "വെസ്പര" പാടിയതു അയ്മനാനാൽ ബ. തോമ്മാച്ചനും തിരുനാൾദിനം പാട്ടുകുർബാന അർപ്പിച്ചതു ബ. ചാവേലിൽ അലക്സാണ്ടർ അച്ചനും പ്രദക്ഷിണം നടത്തിയതു് ബ. മരുതുക്കുന്നേൽ തോമ്മാച്ചൻ അവർകളുമാണ്. വി. കുർബാനയേപ്പററിയുള്ള പ്രസംഗം ക. നി. മൃ. സ. ബ. ബത്തുലൂമ്മൈ അച്ചനും, മാർ യൌസേപ്പപിതാവിൻെറ മാദ്ധ്യസ്ഥത്തേപ്പററിയുള്ള പ്രസംഗം ബ. മററത്തിൽ കുഞ്ഞച്ചനും ചെയ്യുകയുണ്ടായി. ആരാധനയുടെ ആരംഭദിനമായ വ്യാഴാഴ്ചമുതൽ ഞായറാഴ്ചത്തെ തിരുനാൾ ഉൾപ്പടെ ഏഴായിരത്തോളം ആളുകൾ വി. കുർബാന ഉൾക്കൊണ്ടിട്ടുണ്ട്. വരുന്ന ആണ്ടത്തെ തിരുനാളാഘോഷം നടത്താൻ ഏററിരിക്കുന്നതു് ചെല്ലാനംഇടവക എടവഴിക്കൽ പത്രോസ് ശവഴ്യാർ അവർകളാണെന്നുള്ളതും പ്രസ്താവ്യമാണ്.

## അമ. മാതാവിൻ മംഗളഗാനം.

(മഞ്ജിനിഗർ കുന്തളാ എന്ന മട്ടു്.)

1 ജന്മപാപ നിഴൽകൂടാതെ
ജനിച്ചതായെ!
ഹനിച്ചുപാപം
മാനുഷകലത്തിൻ മാനമെ!
തവ—നന്മയെ!
ബഹു—വെണ്മയെ!
അതി—വണ്ണമെ!
നിറ—സൌണ്ണമെ!

2 എണ്ണമില്ലാതുള്ള പുണ്യങ്ങൾ
നിന്നിൽ നിറച്ചു
ധന്യൻ സുതൻനിൻ
ശോഭയാലലങ്കരിച്ചവളെ!
നവ—രത്നമെ!
ദിവ്യ—ദീപമെ!
എത്ര—ശോഭയെ!
മുദാ—വാഴണെ!

3 പാപികൾക്കായ് തന്ന ദാനമെ!
തിന്മനിറഞ്ഞ
നിന്മക്കളേയും
പാദപങ്കേരുഹം ചേർക്കുക
മമ—അമ്മയെ!
തിരു—കണ്മണി!
നിൻ—മക്കളെ!
സൌഖ്യേ—ചേർക്കണെ!.

ചാലങ്ങാടി തോമ്മാ കു.

# Derotionals articles & artificial Flowers.

Sacred Heart of Jesus coloured statues. 9" 12" Rs. 2. 5 each. St. Anthony, St. Joseph, St. Sebastian, St. Mary with child, Mother Lourdues, Statues 9" Rs. 1-12. 12" Rs. 4-8. each. Kneeling angels 6". Rs. 3-8. 8" Rs. 5. Pair S. H. of Jesus Enthronement pictures & assorted pictures. 10 x 7½, 13 x 17, 20 x 16, Re. 1-8. Rs. 4-8. Rs. 9. per doz 23 x 29.. Rs. 2-8. each. Coloured Book pictures & Black mourning pictures, Rs. 2-12. per 100, The little Flower of Jesus. pictures, 22 x 18 Rs. 3-8. each. S. H. of Jesus Shield Rs. 3, per doz.

Rosaries coloured porcelaine Beads Rs. 2-8. 3, per doz. Black wood Beads. Rs. 3 & 3-8. Black Cocoa Beads. Rs. 3, 3-12. & 4-8. per doz. alum Rosaries with Silver gilt Rs. 12, 16, 18, per doz & Re 1-4. 1-8. 1-12, each. Scapular medals, as 6, 12, Re. 1-2, 1-8, per doz. Scapulars ordinary Rs. 5-4, gross. Superior quality Rs. 7-8, per gross.

Artificial flowers for altar decoration. Roses lilly, & coranation. Bunches, 15" 18" 24" Rs. 3, 7, 9, per pair.

Superior white & Kakhi Twill Shirts Rs. 2-8, & 2-12. each.

List on application.

All orders are executed by V. P. P.

May & Co. Royapettah,
Madras.

# NOTICE.

## Just arrived!

We have just received from Europe a large, consignment of religious oleograph pictures, rosaries, medals etc.,

Swiss made Oleograph pictures.

S. H. of Jesus, Heart of Mary, Ecce Homo, Mater Dolorosa, Infant Jesus, Jesus on Cross, B. V. Mary, Our Lady of Health, Lady of Lourdes, Lady of Rosary, St. John, St. Joseph, St. Paul, St. Antony, St. Aloysius, St. Theresa etc., in the following sizes:—

| | | Rs. | as. | ps. |
|---|---|---|---|---|
| 10 x 8 | Doz. | 0 | 15 | 0 |
| 17 x 13 | ,, | 2 | 12 | 0 |
| 20 x 16 | ,, | 5 | 8 | 0 |
| Prayer Book pictures 4 ½ x 2 ½ | per 100 | 2 | 0 | 0 |

Five French made Rosaries.

| | | Rs. | as. | ps. |
|---|---|---|---|---|
| Cocoa bead and-oval shape | Doz. | 3 | 4 | 0 |
| White bone- round ,, | ,, | 4 | 8 | 0 |
| Imitation pearl- white, red & yellow, | | 2 | 6 | 0 |

## Just unpacked!!

Italian made medals.

| | | | | |
|---|---|---|---|---|
| Aluminium medal of the "Little Flower of Jesus" | Doz. | 1 | 2 | 0 |
| Aluminium Scapular medals round | ,, | 0 | 9 | 0 |
| ,, ,, ,, oval | ,, | 0 | 13 | 0 |
| Silver ,, ,, round | each | 0 | 7 | 0 |
| Glazed Scripture Texts with flower designs 16 x 12 | Doz. Rs, | 2 | 12 | 0 |
| Brooches of S. H. of Jesus. | Doz. | 0 | 13 | 0 |
| Coloured religious post cards of Jesus Mary, Joseph, guardian angels & other Saints. | Doz. | 0 | 12 | 0 |

All orders are executed by V. P. P.
Packing & Postage Etc.,
Prices are subject to fluctuation

M. S. John & Co.

Big Bazaar Street,
Trichinopoly Fort.